# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**വയനാട്-673121**

**ഇ-മെയിൽ: dowyd.ksad@kerala.gov.in**

**ഫോൺ : 0493-6203672**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി3-600/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 11/09/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി3-600/2024 തീയ്യതി: 11/09/2024

## വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അഖില മോഹൻ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-06-2024 | 14-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-06-2024 | 14-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ശശീന്ദ്രൻ കെ, ഓഡിറ്റ് ഓഫീസർ

ശ്രീ അലി അക്ബർ കെ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ സമീർ എം, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ അനിൽ ജോസ് ഡൊമിനിക്ക്, ഓഡിറ്റർ

ശ്രീമതി അപർണ ശശിധരൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടി.എസ് ദിലീപ് കുമാർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ തോമസ് വി.ഡി | സെക്രട്ടറി | 01-04-2023 | 17-12-2023 |
| ശ്രീ സുജീന്ദ്രൻ പി.വി | സെക്രട്ടറി | 18-12-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ റെജി റ്റി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 11-07-2023 |
| ശ്രീ മനീഷ് ദേവ് ഡി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2023 | 31-03-2024 |
| ഡോ.ജോബ് ആന്റണി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 01-07-2023 |
| ഡോ.അഖില | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 02-07-2023 | 31-03-2024 |
| ഡോ.പ്രവീൺ ടി ജോസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 | 31-03-2024 |
| ഡോ. പ്രേമൻ കെ.എസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി സിന്ധു കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി രമ്യ അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 30-04-2023 |
| ശ്രീമതി മേഴ്സി കെ.എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-05-2023 | 18-07-2023 |
| ശ്രീമതി രമ്യ അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 19-07-2023 | 15-09-2023 |
| ശ്രീമതി ആതിര കെ നാരായണൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-09-2023 | 04-01-2024 |
| ശ്രീമതി രമ്യ അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | 05-01-2024 | 04-02-2024 |
| ശ്രീ സലോഷ് കെ എൽദോ | അസിസ്റ്റന്റ് എഞ്ചിനിയർ | 05-02-2024 | 31-03-2024 |
| ശ്രീ ബിജു | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീ അശോക് കുമാർ | വി.ഇ.ഒ | 01-04-2023 | 10-07-2023 |
| ശ്രീ ജിതേഷ് എം.ജി | വി.ഇ.ഒ | 11-07-2023 | 20-07-2023 |
| ശ്രീ ലെനിൻ | വി.ഇ.ഒ | 21-07-2023 | 31-03-2024 |
| ശ്രീ പ്രസാദ് ടി.ടി | വി.ഇ.ഒ | 25-10-2023 | 31-03-2024 |
| ശ്രീമതി അനു ജോർജ് | കൃഷി ഓഫീസർ | 01-04-2023 | 17-08-2023 |
| ശ്രീമതി ആര്യ കെ.എസ് | കൃഷി ഓഫീസർ | 18-08-2023 | 31-03-2024 |
| ശ്രീ അബ്ദുള്ള കെ.പി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 22-02-2024 |
| ശ്രീമതി അനാമിക | ഫിഷറീസ് ഇൻസ്പെക്ടർ | 23-02-2024 | 31-03-2024 |
| ശ്രീ നവീൻ രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ ഷീന കെ ദേവസ്യ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2023 | 12-07-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഭവന വായ്പ പദ്ധതി - രജിസറ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ജേർണൽ വൗച്ചറുകൾ ആധികാരികമാക്കിയില്ല | 1-1-6 |
| 8 | വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ആസ്തി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല | 1-1-7 |
| 9 | ബഡ്ജറ്റ് | 1-2 |
| 10 | സാമ്പത്തിക നില | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 18 | സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. | 1-11 |
| 19 | വസ്തുനികുതി പിരിവ് - ഡി.സി.ബി പത്രിക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-12 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 21 | വിനോദനികുതി ഈടാക്കുന്നതിൽ കാലതാമസം | 1-14 |
| 22 | റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-15 |
| 23 | ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവില്ല. | 1-16 |
| 24 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി-അധിക തുക നൽകി | 1-17 |
| 25 | ജീവനക്കാരുടെ ഓണം അഡ്വാൻസ് ഇനത്തിലെ കുടിശ്ശിക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്. | 1-18 |
| 26 | വിഷയം: അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പട്ടിക വർഗ വിഭാഗങ്ങൾക്ക്)- അനുമതിയില്ലാത്ത ഭക്ഷണ സാധനങ്ങൾ വിതരണം നടത്തി | 1-19 |
| 27 | പൊതു മരാമത്ത് പ്രവൃത്തികൾ - വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല. | 1-20 |
| 28 | ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം - ചെയ്യാത്ത ഇനത്തിന് തുക നൽകി. | 1-21 |
| 29 | പൊതു ശുചി മുറി നിർമ്മാണം - നിലവിലും ഉപയോഗിക്കുന്നില്ല. | 1-22 |
| 30 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു. | 1-23 |
| 31 | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം - വിതരണം നടത്തിയിട്ടില്ല. | 1-24 |
| 32 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - വിതരണം നടത്തിയിട്ടില്ല. | 1-25 |
| 33 | സീറോ വേസ്റ്റ് പീരിയഡ്സ് - മെൻസ്ട്രുവൽ കപ്പുകൾ വിതരണം നടത്തിയിട്ടില്ല. | 1-26 |
| 34 | പി.എം.എ വൈ ഭവന പദ്ധതി - പഞ്ചായത്ത് വിഹിതമായി അധികം തുക നൽകി | 1-27 |

| | | |
|---|---|---|
| 35 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ–കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-28 |
| 36 | കേളക്കവല എന്ന സ്ഥലത്ത് കുഴൽ കിണർ - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 1-29 |
| 37 | എം.സി.എഫിൽ ബെയിലിംഗ് മെഷീൻ നിലവിലും സ്ഥാപിച്ചിട്ടില്ല. | 1-30 |
| 38 | ഹോമിയോ മരുന്നുകൾ - തുക മുൻകൂറിയ നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. | 1-31 |
| 39 | സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല. | 1-32 |
| 40 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം - നിയതമായി രീതിയിൽ ലഭ്യമാക്കി ഹാജരാക്കിയിട്ടില്ല. | 1-33 |
| 41 | ആർച്ചറി അക്കാദമിക്ക് കൈമാറിയതിൽ അധികമുള്ള ഭൂമി കരാർ വ്യവസ്ഥ പ്രകാരം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം - ചെയ്യാത്ത ഇനത്തിന് തുക നൽകി - ₹ 12,335.00 രൂപ നഷ്ടം. | 3-1 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു - ₹ 50,000.00 രൂപ നഷ്ടം. | 3-2 |
| 3 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി-അധിക തുക നൽകി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011,KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പുൽപള്ളി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 2/1 പ്രകാരം തയ്യാറാക്കി 31-05-2024 ന് പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുൽപള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പുൽപള്ളി ഗ്രാമ പഞ്ചായത്തിന്റെ 2023-2024 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി:** 11.09.2024 **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും ( (-)4858737/-രൂപ ) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും ( (-)5853435/-രൂപ ) പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഭവന വായ്പ പദ്ധതി - രജിസ്റ്ററിലെ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഹഡ്കോ ഭവന വായ്പ – വാർഷിക കണക്കുകളിലെ തുകയും സ്ഥാപനത്തിൽ തയ്യാറാക്കിയ രജിസ്റ്ററിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ തുക താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| 2022-23 വർഷത്തെ ബി-5 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത | 1,38,71,591 |
| തൻവർഷം ലഭിച്ച വായ്പ Rp- 31 (2023-24) | 21,30,007 |
| ആകെ | 1,60,01,598 |
| തൻവർഷം തിരിച്ചടച്ചത് ( ജി.ഒ പ്രോജക്റ്റ് പ്രകാരം) | 35,20,473 |
| ബാധ്യത (വേണ്ടത്) | 1,24,81,125 |
| 2023-24 വാർഷിക കണക്കുകൾ ബി-5 പ്രകാരം ബാധ്യത | 1,24,45,296 |
| ഹഡ്കോ വായ്പ രജിസ്റ്റർ പ്രകാരം ബാധ്യത | 1,34,05,296 |

കൂടാതെ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ, ക്യാഷ് ബുക്കിലെ കണക്കുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1-6 കാണുക

## 1-1-5 സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല

ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. ഉദാഹരണം - മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തിയിലൂടെ സൃഷ്ടിച്ച പൊതു ആസ്തികൾ.

## 1-1-6 ജേർണൽ വൗച്ചറുകൾ ആധികാരികമാക്കിയില്ല

വാർഷിക കണക്ക് പൊരുത്തപ്പെടുത്തുന്ന ആവശ്യത്തിലേക്ക് ചെയ്ത ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ തയ്യാറാക്കിയിട്ടില്ല. ഇത് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-1-7 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ആസ്തി സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല

ബി.11 ഷെഡ്യൂൾ Fixed Assets 410800101 ഹെഡ്ഡിൽ Other Fixed Asset ആയി ₹16,033,500/- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ആസ്തിയുള്ളതായുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

## 1-2 ബഡ്ജറ്റ്

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബഡ്ജറ്റ് 25.03.2022 ലെ 1/01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---:|
| മുൻ ബാക്കി | 21,18,348 |
| വരവ് | 53,02,82,000 |
| ആകെ | 53,24,00,348 |
| ചെലവ് | 52,72,71,200 |
| നീക്കി ബാക്കി | 51,29,148 |

53 കോടി രൂപയിലധികം രൂപ വരവും 52 കോടിയിലധികം രൂപ ചെലവും പ്രതീക്ഷിച്ച് ബജറ്റ് തയ്യാറാക്കിയപ്പോൾ യഥാർത്ഥ വരവ് 9 കോടി രൂപയും യഥാർത്ഥ ചെലവ് 10 കോടി രൂപയും മാത്രമാണ് എന്ന് വാർഷിക കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. യഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കുന്നത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഭീമമായ വ്യതിയാനം സംബന്ധിച്ച് വിശദ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 2,98,05,285 |
| വരവ് | 9,67,02,333 |
| ആകെ | 12,65,07,618 |
| ചെലവ് | 10,25,55,768 |
| നീക്കിയിരിപ്പ് | 2,39,51,850 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ആകെ ചെലവ് 10,25,55,768 രൂപയും പദ്ധതി ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 13,43,87,445 രൂപ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 3,43,78,590 | 3,43,78,590 | 2,90,45,536 | 53,33,054 |
| വികസന ഫണ്ട്-എസ്.സി.പി | -- | 30,90,528 | 30,90,528 | 22,89,582 | 8,00,946 |
| വികസന ഫണ്ട്- ടി.എസ്.പി | -- | 20,45,2600 | 20,45,2600 | 16,27,1419 | 41,81.181 |
| മെയിന്റനൻസ്, റോഡ് | -- | 43,72,78,08 | 43,72,78,08 | 68,27,709 | 36,900,099 |
| മെയിന്റനൻസ്, നോൺ-റോഡ് | -- | 49,91,639 | 49,91,639 | 29,96,000 | 19,95,639 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് | -- | 42,81,500 | 42,81,500 | 28,29,883 | 14,51,617 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ് | -- | 57,09,000 | 57,09,000 | 50,28,270 | 68,07,30 |

വികസന ഫണ്ട് ജനറൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. തൻ വർഷം ആസ്തികൾ ആർജ്ജിച്ചിട്ടില്ല (I-6 Shedule- 29143946).

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 224 | 28,49,46,078 | 118 | 13,43,87,445 | 0 | 106 | 52.67 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 07 | 06 | 1,07,06,583 | 29,80,675 | 27.83 |
| വെറ്ററിനറി സർജ്ജൻ | 10 | 10 | 1,58,11,507 | 1,42,55,789 | 90.16 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 13 | 10 | 42,84,107 | 29,85,102 | 69.67 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 4 | 14,10,000 | 13,50,000 | 95.74 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2,00,000 | 79,880 | 39.94 |
| വി ഇ ഒ | 23 | 14 | 10,96,49,593 | 5,03,44,789 | 45.91 |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർ വൈസർ | 18 | 18 | 1,85,74,422 | 1,05,89,916 | 57 |
| സെക്രട്ടറി | 46 | 16 | 4,97,64,141 | 3,09,17,141 | 62 |
| ഹെഡ് മാസ്റ്റർ | 13 | 06 | 29,84,600 | 15,46,753 | 51.82 |
| അസി.എഞ്ചിനീയർ | 79 | 24 | 62,38,87,75 | 1,21,52,897 | 19.47 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 45,09,500 | 35,09,880 | 77.83 |
| അസി.സെക്രട്ടറി | 8 | 7 | 46,62,850 | 36,74,623 | 78.80 |
| ആകെ | 224 | 118 | 28,49,46,078 | 13,43,87,445 | |

2023-24 കാലയളവിൽ അനുവദിച്ചുകിട്ടിയ പദ്ധതിതുകയുടെ പകുതി മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച 224 പ്രോജക്ടുകളിൽ 118 എണ്ണം മാത്രമേ നിർവ്വഹിക്കാനായുള്ളൂ. എന്നാൽ വിവിധ നിർവ്വഹണോദ്യോഗസ്ഥന്മാർ യഥാർത്ഥത്തിൽ പദ്ധതികൾ നിർവ്വഹിച്ച് വളരെ അധികം ചെലവ് ബില്ലുകൾ സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ (25-03-2024) ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും ഒന്നും തന്നെ പാസാവുകയുണ്ടായില്ല. ഇത് കാരണം ചെലവ് ശതമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. കൃഷി ഓഫീസർ 29ബില്ലുകൾ, വി.ഇ.ഒ-9ബില്ലുകൾ, എച്ച്.എം.11ബില്ലുകൾ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ11ബില്ലുകൾ ,സെക്രട്ടറി 17 ബില്ലുകൾ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി 1 ബില്ല്, അസി.സെക്രട്ടറി 5 ബില്ലുകൾ, വെറ്റിനറി സർജൻ 1 ബില്ല്, ICDS സൂപ്രവൈസർ-4, ആയുർവേദ മെഡിക്കൽ ഓഫീസർ 1 ഉൾപ്പെടെ 2,52,96,701 രൂപയുടെ ബില്ല് പാസാവുകയുണ്ടായില്ല. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 25-03-2024 തീയതിയിലെ വിവിധ സമയങ്ങളിൽ പ്രസ്തുത ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചിരുന്നു. ഇതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചെലവ് ശതമാനത്തിൽ കുറവ് സംഭവിക്കുകയും പ്ലാൻഫണ്ട് തുക നഷ്ടപെടാനുള്ള സാഹചര്യമാണുള്ളത്. 25-03-2024 ന് സമർപ്പിച്ച ബില്ലുകൾ പാസാകാതെയുള്ള ഈ പ്രത്യേക സാഹചര്യം സർക്കാർ തലത്തിൽ അറിയിച്ച് ഗ്രാമപഞ്ചായത്തിന് യഥാർത്ഥത്തിൽ അർഹമായ ഫണ്ട് തിരികെ ലഭിക്കാനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2089177.00 | 2089177.00 | 2089177.00 | 0 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്നത് | 0 | 82,74,6873.00 | 82,74,6873.00 | 82,74,6873.00 | 0 |
| മെറ്റീരിയൽസ് | 0 | 15,33,2955.58 | 15,33,2955.58 | 15,33,2955.58 | 0 |
| ആകെ | | 10,01,69,005.58 | 10,01,69,005.58 | 10,01,69,005.58 | |

തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിൽ ചേർത്ത കണക്കും, തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ തുകയാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 56,05,600 | 502 |
| വിധവാപെൻഷൻ | 1,64,72,500 | 1534 |
| വാർദ്ധക്യകാലപെൻഷൻ | 2,89,33,400 | 2805 |
| ഭിന്നശേഷി പെൻഷൻ | 44,22,100 | 400 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90,000 | 3 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 4,10,600 | 41 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/06/2024 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14097/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-11-2022 | 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ 30 വരെ | 06-03-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-03-2019 മുതൽ 09-04-2019 വരെ | 2013-14 മുതൽ 2017-18വരെ | 15-05-2019 |

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന അധികാരങ്ങളുടെയും ചുമതലകളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന് സഹായകമായ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ ചിട്ടയോടെ നടത്തപ്പെടുന്നുണ്ട്. ഓഫീസ് തലത്തിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും തയ്യാറാക്കലിലും സൂക്ഷിപ്പിലും കൃത്യത പാലിക്കുന്നുണ്ട്. കൃത്യമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ചുമതലാവിഭജനം നടത്തിയിട്ടുണ്ട്. പ്രതിമാസ യോഗങ്ങൾ ചേർന്ന് പ്രവർത്താവലോകനം നടത്തുന്നുണ്ട്.

പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടുന്ന സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ ലഭിക്കേണ്ട കെട്ടിട നികുതി 100% പിരിച്ചെടുത്തുണ്ട്. ഇതനുസരിച്ച് ജീവനക്കാർക്ക് ഇൻസെന്റീവും നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയപ്രകാരമുള്ള കെട്ടിടങ്ങളുടെഎണ്ണത്തിന് ആനുപാതികമായി നികുതി പിരിവ് നടത്തിയിട്ടുണ്ടോ എന്നും, വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന്റെ എണ്ണത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. വിനോദ നികുതി പുനസ്ഥാപിച്ചത് സംബന്ധിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ബന്ധപ്പെട്ട നികുതി ഡിമാന്റ് ചെയ്ത് തുക പിരിച്ചെടുക്കേണ്ടതാണ്.

നിർവ്വഹണോദ്യാഗസ്ഥന്മാരുൾപ്പെടെ ഫയലുകൾ ചിട്ടയോടെ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. പദ്ധതി നിർവ്വഹണത്തിലെ മോണിറ്ററിംഗിന്റെ അഭാവം പരിഹരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് കൃത്യമായി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭ, ഊരുകൂട്ടം യോഗങ്ങൾ ചേരുന്നത് സംബന്ധിച്ച് കൃത്യമായ മിനുട്സ് തയ്യാറാക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുയോഗങ്ങൾ കൃത്യമായി ചേരേണ്ടതും നടപടിക്രമങ്ങൾ ചിട്ടയോടെ മിനുട്സ് തയ്യാറാക്കേണ്ടതുമാണ്.ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്, ഫണ്ട് വിനിയോഗത്തിനപ്പുറം പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള തുടർ പരിശോധനകളും പദ്ധതി മോണിറ്ററിംഗും ഫലപ്രദമായി നടത്തേണ്ടതുണ്ട്, ഓരോ വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മറ്റികളും തങ്ങളുടെ അധികാര പരിധിയിൽ നടത്തപ്പെടുന്ന പ്രോജക്കുകൾ മോണിറ്ററിംഗ് നടത്തി സത്യസന്ധമായ റിപ്പോർട്ട് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ ഫണ്ടുകൾ പൂർണ്ണമായും ചെലവാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി ചെലവിൽ കുറവ് ഉണ്ടായിട്ടുണ്ട്. സാമ്പത്തിക വർഷം ഒടുവിൽ ട്രഷറിയിൽ സമർപ്പിച്ചതിൽ പാസാക്കാത്ത ബില്ലുകളുടെ തുക തിരികെ ലഭിക്കുന്നതിനുള്ള ബന്ധപ്പെട്ട വിഷയം സർക്കാർ തലത്തിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആവിഷ്കരിച്ച പദ്ധതികൾ ഏറിയ പങ്കും നിർവഹിക്കുന്നതിനും പഞ്ചായത്തിനെ ഒരു ഘടകമായി കണ്ട് വികസനത്തിന് മുൻതൂക്കം നൽകിയതും ശ്രദ്ധേയമാണ്.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് പരിശ്രമിച്ചിട്ടുണ്ട്. പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി നല്ലരീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട്. ഇതിനായി പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ച് അർഹരായവർക്ക് ധനസഹായം നൽകിവരുന്നുണ്ട്. ക്ഷേമപെൻഷൻ ലഭിച്ചുവരുന്നവരിൽ മരണപ്പെട്ടവരുടെ പെൻഷൻ

ഉടൻ പ്രാബല്യത്തിൽ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവിധ പ്രോജക്ടുകളുടെ ഭാഗമായി ഗുണഭോക്താകൾക്ക് വിതരണം ചെയ്യേണ്ടതും, എന്നാൽ പൊതുതെരഞ്ഞെടുപ്പിന്റെ പെരുമാറ്റചട്ടം നിലവിലുള്ളതിനാൽ വിതരണം ചെയ്യാൻ കഴിയാത്തതുമായ സാധനസാമഗ്രികൾ താമസംവിനാ അർഹരായ ഗുണഭോക്താകൾക്ക് വിതരണം ചെയ്യേണ്ടതാണ്. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി നിർവ്വഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വസ്തുനികുതി പുനർനിർണ്ണയത്തിന്റെ ഭാഗമായി കെട്ടിടങ്ങൾപരിശോധിച്ച് ഡാറ്റ ശേഖരിക്കുന്ന പ്രവൃത്തി ഡിജിറ്റൽ സർവ്വെ മുഖാന്തരമാക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ഒക്യുപെൻസി ലഭിച്ച കെട്ടിടങ്ങൾ അനുമതിയില്ലാതെ കൂട്ടിചേർക്കലുകൾ നടത്തിയിട്ടുണ്ടോ എന്ന് ഫിൽഡ് തല പരിശോധനയിലൂടെ നിർണ്ണയിക്കേണ്ടതും, അത്തരം കേസുകളിൽ നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. മികച്ച സൗകര്യങ്ങളോടെയുള്ള പുതിയ കെട്ടിടം ഗ്രാമപഞ്ചായത്തിന് നിർമ്മിച്ചുവരുന്നുണ്ട്.മികച്ച ഭൗതീക സൗകര്യം ഭരണനിർവ്വഹണത്തിന് കൂടുതൽ പ്രയോജനകരവുമെന്ന് പ്രതീക്ഷിക്കുന്നു.

## 1-11 സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

ആസൂത്രണ പ്രക്യയയിലെ ജനകീയ മുഖങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും. പൊതു ജനങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണം നടത്തുന്നതും, പദ്ധതി നടത്തിപ്പിന് നേതൃത്വം കൊടുക്കുന്നതും, മോണിറ്ററിംഗ് നടത്തുന്നതും ഈവിഭാഗമാണ്. ഇതിനായി ഗ്രാമസഭാ യോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാദമിക് സഹായവും നേതൃത്വവും നൽകുക, വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും, പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും, ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാ രേഖ (Status Report) തയ്യാറാക്കുക തുടങ്ങിയവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. സ്റ്റാൻറിംഗ് കമ്മറ്റികൾക്കാവട്ടെ അംഗീകരിച്ച പദ്ധതികളിൽ ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ച ന്യൂനതകൾ പരിഹരിക്കുക, ഓരോ മേഖലയിലുമുള്ള പ്രോജക്ടുകൾ സമയബന്ധിതമായും ഫലപ്രദമായും പൂർത്തിയാക്കുന്നതിന് മേൽ നോട്ടം വഹിക്കുക, പ്രോജക്ടുകളുടെ പ്രവർത്തനകലണ്ടർ തയ്യാറാക്കുക, മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുക, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള, ഗ്രാമസഭകൾ വിളിച്ചുചേർക്കുക, പദ്ധതി നടത്തിപ്പിലെ ഓരോ ഘട്ടവും വിലയിരുത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കാനുണ്ട്. ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ചുവരുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് ആശ്രയിക്കാവുന്ന രേഖയാണ് സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഔപചാരികമായ യോഗ നടപടി വിവരങ്ങൾ ചേർത്തുവന്നിട്ടുണ്ട് എന്നതിലുപരി സ്റ്റാൻറിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായ ചർച്ചകളോ, സംവാദങ്ങളോ, തീരുമാനങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ മിനുട്സ് പരിശോധിച്ചപ്പോൾ വിവിധ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ അംഗങ്ങളുടെ പങ്കാളിത്തം വളരെ കുറവാണ്. പൂർണ്ണ അംഗങ്ങൾ പങ്കെടുത്ത ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗം പോലും ചേർന്നതായി മിനുട്സ് പരിശോധനയിൽ കാണുവാൻ സാധിച്ചില്ല. ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രാധാന്യവും ആസൂത്രണ പ്രക്രിയയിലെ പങ്കും പ്രകടമാകുന്ന തരത്തിലുള്ള തീരുമാനങ്ങളോ ചർച്ചകളോ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഈ പോരായ്മ പരിഹരിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും, നിർവ്വഹണത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് കൃത്യമായി മനസിലാക്കാൻ സാധിക്കുംവിധം ബന്ധപ്പെട്ട നടപടികൾ മിനുട്സിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് യോഗം ചേരേണ്ടതാണ്. അജണ്ട കൃത്യമായി തയ്യാറാക്കേണ്ടതാണ്. ഓരോ അംഗത്തിന്റെയും അഭിപ്രായം, പൊതു ചർച്ചകൾ, തീരുമാനം എന്നിവ രേഖപ്പെടുത്തി മിനുട്സ് വൃത്തിയായും, ചിട്ടയോടെയും തയ്യാറാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും, നിർവ്വഹണത്തിലും, മോണിറ്ററിംഗിലും സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പുകളും അതിന്റെ രൂപീകരണ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി പിരിവ് - ഡി.സി.ബി പത്രിക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപെടുന്നില്ല

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി പിരിവിന്റെ ഡി.സി.ബി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡി.സി.ബി പ്രകാരം (A) | വാർഷിക ധനകാര്യപത്രിക പ്രകാരം (B) | വ്യത്യാസം (B-A) |
|---|---|---|---|

| | | | |
|---|---|---|---|
| തൻവർഷഡിമാന്റ് (റസിഡൻഷ്യൽ) | 2218944/- | 2218944/- | 0 |
| തൻവർഷ ഡിമാന്റ് (നോൺ-റസിഡൻഷ്യൽ) | 6485870/- | 6485870/- | 0 |
| തൻവർഷ കളക്ഷൻ (റസിഡൻഷ്യൽ) | 2232268/- | 2190048/- (RP45+കഴിഞ്ഞ വർഷത്തെ B9+RP35-B9) | -42220/- |
| തൻവർഷ കളക്ഷൻ (നോൺ -റസിഡൻഷ്യൽ) | 6156809/- | 6118610/- (RP45+കഴിഞ്ഞ വർഷത്തെ B9+RP35-B9) | -38199/- |
| കുടിശ്ശിക ഡിമാന്റ് (റസിഡൻഷ്യൽ) | 17790/- | 8473/- | -9317/- |
| കുടിശ്ശിക ഡിമാന്റ് (നോൺ - റസിഡൻഷ്യൽ) | 949161/- | 101678/- | -847483/- |
| കുടിശ്ശിക കളക്ഷൻ (റസിഡൻഷ്യൽ) | 17815/- | 17814/- | 1/- |
| കുടിശ്ശിക കളക്ഷൻ (നോൺ - റസിഡൻഷ്യൽ) | 22054/- | 22054/- | 0 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/2023-24, തീയതി 12/06/2024 ന് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക വർഷാവസാനം വരുന്ന കംപ്ലീഷൻ, റഗുലറൈസേഷൻ, ഒക്യുപ്പൻസി മാറ്റം തുടങ്ങിയ അപേക്ഷകളിൽ അപാകതകൾ മൂലം തുടർനടപടി പൂർത്തിയാവുന്നത് തൊട്ടടുത്ത സാമ്പത്തിക വർഷമാണെങ്കിൽ അവയുടെ വസ്തുനികുതി ഈടാക്കുന്നത് അപേക്ഷ സമർപ്പിച്ച വർഷത്തെ ഉൾപ്പെടുത്തിയാണെന്നും ആയതിനാൽ മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ നിന്നും വ്യത്യസ്തമായ തുകയാണ് വരുന്നതെന്നും ആയത് സഞ്ചയയിൽ കണ്ടുപിടിക്കാൻ സാധിക്കാത്തതിനാൽ അപ്ഡേഷനായി ഐ.കെ.എം മുഖേന ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കത്ത് നൽകി പരിഹാരത്തിന് ശ്രമിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 204 ാം വകുപ്പ് പ്രകാരം ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും, ആ പഞ്ചായത്ത് പ്രദേശത്ത് ആ അർദ്ധവർഷത്തിൽ മൊത്തം അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും, ആ അർദ്ധവർഷത്തിൽ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസുനടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരോ ആയ ഏതൊരാളുടെയും, മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്.

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ മരാമത്ത് പ്രവൃത്തിയിലേർപ്പെടുന്ന താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | കരാറുകാരുടെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഇടമല ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | സാബി തങ്കച്ചൻ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ജോസഫ് തോമസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | സോബിൻ എൻ.വൈ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 5 | റെജി പി.എസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | കെ.കെ വർഗീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 7 | സിംസൺ സി.വി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 8 | സൈമൺ ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ഷൈൻ എബ്രഹാം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 10 | ബിനോയ് പി.എസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 11 | ജോസഫ് തോമസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 12 | സന്തോഷ് കുമാർ കെ.ഡി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 13 | സെബാസ്റ്റ്യൻ പി.സി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 14 | മഹേഷ് കെ.ആർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 15 | മുള്ളൻകൊല്ലി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 16 | കുര്യൻ തോമസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 17 | നാസർ പി.കെ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 18 | ജയകുമാർ പി.ടി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 19 | സിംസൺ സി.വി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 20 | കെ.കെ വർഗീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/2023-24, തീയതി 10/06/2024 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് തൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും നിലവിലെ സാമ്പത്തിക വർഷം തൊഴിൽനികുതി അടവാക്കിയ രസീത് ഹാജരാക്കിയാൽ മാത്രം വർക്ക് ബില്ലുകൾ മാറി നൽകിയാൽ മതിയെന്ന നിർദേശം അസിസ്റ്റന്റ് എഞ്ചിനിയർക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. പ്രസ്തുത കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 വിനോദനികുതി ഈടാക്കുന്നതിൽ കാലതാമസം

24.06.2017 ലെ സ.ഉ.(കൈ) നം. 123/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ചരക്ക സേവന നികുതി നിലവിൽ വന്നതിനാൽ വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സിനിമാ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് കേന്ദ്രസർക്കാർ 28% ൽ നിന്നും 18% ആയി കുറച്ച സാഹചര്യത്തിൽ 2019 ലെ Kerala Finance Act, 2019 വകുപ്പ് 6 പ്രകാരം കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തി. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്ന വ്യവസ്ഥ നിലവിൽ വന്നു. 10.06.2019 ലെ സ.ഉ(കൈ)നം. 63/2019/LSGD ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കേണ്ടതാണ്. 31.08.2019 തീയതിയിലെ സ.ഉ(കൈ)നം. 112/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%വും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 % വും 01.09.2019 പ്രാബല്യത്തിൽ വിനോദ നികുതി ഈടാക്കാവുന്നതാണെന്ന നിർദേശം വന്നു. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതു വരെ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. എല്ലാ മാസവും 3-ാം തീയതിക്കുള്ളിൽ തുക സ്ഥാപനത്തിൽ അടവാക്കേണ്ടതാണ്. 22.11.2019 ലെ സ.ഉ(കൈ)നം.149/2019/ത.സ്വ.ഭ.വ നം ഉത്തരവ് പ്രകാരം 01.09.2019 പ്രാബല്യത്തിൽ വിനോദ നികുതി അടവാക്കാത്ത തിയേറ്റർ ഉടമകൾ 16.11.2019 മുതൽ വിനോദ നികുതി അടവാക്കേണ്ടതും 01.09.2019 മുതൽ 15.11.2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദ നികുതി ഈടാക്കിയിട്ടില്ലാത്ത തിയേറ്റർ ഉടമകൾ അപ്രകാരം വിനോദ നികുതി ഈടാക്കിയിട്ടില്ല എന്നതിന് സത്യവാങ്മൂലം സമർപ്പിക്കേണ്ടതുമാണ്. 04.10.2020 ലെ സ.ഉ(കൈ)നം. 101/2020 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഐ.കെ.എം വികസിപ്പിച്ച ഇ-ടിക്കറ്റിംഗ് സോഫ്റ്റ്വെയർ ഉപയോഗിച്ച് കേരളത്തിലെ എല്ലാ തിയേറ്ററുകളിലും ടിക്കറ്റ് നൽകേണ്ടതും ഇ-ടിക്കറ്റിംഗ് സോഫ്റ്റ് വെയറിലൂടെ വിൽപന നടത്തുന്ന ടിക്കറ്റുകളുടെ Daily Collection Report ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറേണ്ടതുമാണ്. 18.01.2024-ലെ സ.ഉ(സാധാ)നം.137/2024/തസഭവ നം ഉത്തരവ് പ്രകാരം കേരള കൾച്ചറൽ ആക്റ്റിവിറ്റീസ് വെൽഫെയർ ഫണ്ടിലേക്ക് 25/- രൂപയിൽ കൂടുതലുള്ള ഓരോ സിനിമാ ടിക്കറ്റിന്മേലും ചുമത്തിയിട്ടുള്ള 3/- രൂപ സെസ്സ് വിനോദ നികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 31/01/2024 ലെ സ.ഉ(കൈ) നം. 17/2024/LSGD ഉത്തരവ് പ്രകാരം വിനോദ നികുതി ചോർച്ച തടയുന്നതിനായി സിനിമാ തിയേറ്ററുകളിലും വിനോദ നികുതി ഒടുക്കാൻ ബാധ്യതയുള്ള സ്ഥാപനങ്ങളിലും ചെക്കിംഗ് നടത്തുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്ന രീതി തുടരേണ്ടതാണ്.

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ വിനോദ നികുതിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പ്രകാരം 18.01.2024 മുതലാണ് തിയേറ്ററുകളിൽ നിന്നും വിനോദ നികുതി ഈടാക്കാൻ തുടങ്ങിയത്. തിയേറ്ററിൽ നിന്നും ലഭ്യമാക്കേണ്ട Daily Collection Report ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. വിനോദ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി**(ഓഡിറ്റ് എൻക്വയറി നം.05 തീയതി 06/06/2024)**ക്ക് ലഭ്യമാക്കിയ മറുപടിയിൽ 31/01/2024 ലെ സ.ഉ(കൈ) നം. 17/2024/LSGD ഉത്തരവ് പ്രകാരമാണ് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ വിനോദ നികുതി ഈടാക്കിയിട്ടുള്ളത് എന്നും 31.08.2019 തീയതിയിലെ സ.ഉ(കൈ)നം. 112/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം വിനോദ നികുതി അടവാക്കുവാനും Daily Collection Report നൽകുവാനും സൂചിപ്പിച്ച് തിയേറ്ററുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തിയേറ്ററുകൾ 01.09.2019 മുതൽ പ്രേക്ഷകരിൽ നിന്നും വിനോദ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതും വിനോദ നികുതിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിയേറ്ററുകളിൽ നിന്നും 16.11.2019 മുതലുള്ള വിനോദനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-15 റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ഫീസ് എടുത്തിട്ടില്ല. കൂടാതെ ഒരു റേഷൻ കടയിൽ നിന്നും മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21/01/2019 ലെ (സി.എസ്)എ9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും

ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-1, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 12/2023-24) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 13 റേഷൻ കടകൾക്കും ലൈസൻസ് ഫീസും തൊഴിൽ നികുതിയും അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള റേഷൻ കടകൾ ലൈസൻസ് എടുത്തതിന്റെയും തൊഴിൽ നികുതി അടവാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ ഉപയോഗക്രമം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 2461 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 305 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 9 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 287 |
| വാണിജ്യാവശ്യം - 100 ച.മീ വരെയുള്ളവ | 6 |
| വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ളവ | 30 |
| വാണിജ്യാവശ്യം - 500 ച.മീ മുകളിൽ | 62 |
| **ആകെ** | **3160** |

2023-24 സാമ്പത്തിക വർഷം വേക്കൻസി റെമിഷൻ അനുവദിച്ച ആകെ 101 കെട്ടിടങ്ങളുടെ എണ്ണം പരിഗണിച്ചാലും ഗ്രാമപഞ്ചായത്തിൽ 3059 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 852 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി(നം. 20/2023-24, തീയതി 12/06/2024)ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒന്നിൽ കൂടുതൽ കടമുറികളിലായി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തിക്കാതെ കൃത്യമായി നികുതി അടവാക്കി വരുന്ന കടമുറികളുണ്ടെന്നും ഫീൽഡ് പരിശോധനകൾ നടത്തി ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ നൽകേണ്ടതുമാണ്.

## 1-17 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി-അധിക തുക നൽകി

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് (ഭിന്നശേഷി വിദ്യാർത്ഥികൾക്ക്) സ്കോളർഷിപ്പും വിനോദയാത്രയും നടത്തുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | 60/2023-24-പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിനോദയാത്രയും |
| **അടങ്കൽ** | 2350000 രൂപ (വികസന ഫണ്ട് ജനറൽ-1400000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-700000, ജില്ലാ പഞ്ചായത്ത് വിഹിതം-250000 ) |
| **നിർവ്വഹണം** | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ചെലവ്** | 2190220 (വികസന ഫണ്ട് ജനറൽ-1393000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-549220, ജില്ലാ പഞ്ചായത്ത് വിഹിതം-248000 ) |
| **ബില്ലുകളുടെ വിശദാംശങ്ങൾ** | |
| 1) 79600 (ബില്ല് നം-4/2023-24 തീയതി 25/09/2023)<br>2) 790500 ( ബില്ല് നം-10/ 2023-24 തീയതി 25/09/2023)<br>3) 248000 ( ബില്ല് നം-12/ 2023-24 തീയതി 26/09/2023)<br>4) 7000 ( ബില്ല് നം-19/ 2023-24 തീയതി 12/12/2023)<br>5) 37800 ( ബില്ല് നം-20/ 2023-24 തീയതി 16/12/2023)<br>6) 423500 ( ബില്ല് നം-21/ 2023-24 തീയതി 16/12/2023)<br>7) 134000 (ബില്ല് നം-25/ 2023-24 തീയതി 10/01/2024)<br>8) 268000 (ബില്ല് നം-28/ 2023-24 തീയതി 15/02/2024)<br>9) 90000 (ബില്ല് നം-29/ 2023-24 തീയതി 20/02/2024)<br>10) 46500 (ബില്ല് നം-30/ 2023-24 തീയതി 02/03/2024)<br>11) 10720 (ബില്ല് നം-38/ 2023-24 തീയതി 27/03/2024)<br>12) 26600 (ബില്ല് നം-47/ 2023-24 തീയതി 27/03/2024)<br>13) 28000 (ബില്ല് നം-49/ 2023-24 തീയതി 27/03/2024)<br>**ആകെ-2190220/-** | |

28.05.2022 ാം തീയതിയിലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.6 പ്രകാരം മാനസിക,ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമാണ് ധനസഹായം അനുവദിക്കേണ്ടത്.

**ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

| സി.നം | സ്റ്റാൻഡേർഡ്/ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റൽ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |

| | | | | |
|---|---|---|---|---|
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വോക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക് + യാത്ര ബത്ത (സ്കൂളുകളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 (പ്രതിമാസം) | | |
| 8 | ചലന വൈകല്യങ്ങളുള്ളവർക്ക് സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രബത്ത (സ്കൂളുകളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | | | യഥാർത്ഥ ചെലവ് സ്ഥാപനത്തിന് നൽകണം |

**മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

| ക്രമ.നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക് വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത (വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്ര ബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര ചെലവുകൾ പഠനപര്യാടനം മുതലായവയ്ക്ക്-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

മേൽ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 28500 രൂപ വരേയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച് വിവിധ നിരക്കുകളിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് അർഹമായതിലും കൂടുതൽ തുക ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരം താഴെ നൽകുന്നു.

| സി.നം | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | വൈകല്യത്തിന്റെ വിവരങ്ങൾ | അനുവദിക്കേണ്ടിയിരുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | നവനീത് വിഷ്ണു | ഡിഗ്രി (ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നു.) | കാഴ്ച വൈകല്യം | സ്കോളർഷിപ്പ് (1250*12=15000)+ വാർഷിക ബത്ത(1000)=16000 | 32000 | 16000 |
| ആകെ | | | | 16000 | 32000 | 16000 |

മേൽ വിദ്യാർത്ഥിക്ക് 16000 രൂപ ബില്ലുകൾ പ്രകാരം അധികമായി വിതരണം ചെയ്തിട്ടുണ്ട്.ഇപ്രകാരം അധിക തുക വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/2023-24 / 13/06/2024 ന് മറുപടിയായി നവനീത് വിഷ്ണു എന്ന വിദ്യാർത്ഥിക്ക് 23/09/2023 തീയതിയിൽ 7000 രൂപയും, 08/12/2023 തീയതിയിൽ 7000 രൂപയും 15/12/2023 തീയതിയിൽ 3000 രൂപയും 27/02/2024 തീയതിയിൽ 15000 രൂപയും കൂടി ആകെ 32000 രൂപ ബില്ലുകൾ പ്രകാരം നൽകിയിരുന്നെങ്കിലും മേൽ വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ 23/09/2023 തീയതിയിൽ നൽകിയ 7000 രൂപ ക്രഡിറ്റായിട്ടില്ലെന്നും മേൽ തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ ക്രഡിറ്റായതായി ട്രഷറിയിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആകെ 25000 രൂപ മാത്രമാണ് വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ ക്രഡിറ്റായിട്ടുള്ളുവെന്നും 9000 രൂപയാണ് അധികം നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. മേൽ വിദ്യാർത്ഥിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഡേ സ്കോളർക്കുള്ള തുക കൂടി തെറ്റായി നൽകിയതിനാലാണ് ഇപ്രകാരം അധികം തുക നൽകിയതെന്നും, മേൽ തുക 2024-25 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്ന് കുറവ് ചെയ്ത് നൽകിയാൽ മതിയെന്ന് വിദ്യാർത്ഥി കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. മേൽ തുക ഈടാക്കി അറിയിക്കുകയോ വരും വർഷത്തെ സ്കോളർഷിപ്പിൽ നിന്ന് കുറവ് ചെയ്ത് അറിയിക്കുകയോ ചെയ്യേണ്ടതാണ്. 9000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-18 ജീവനക്കാരുടെ ഓണം അഡ്വാൻസ് ഇനത്തിലെ കുടിശ്ശിക പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2023-24 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക B18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ ₹12000.00രൂപ ബാലൻസ് ലഭിക്കാനുള്ളതായി രേഖപ്പെടുത്തി കാണുന്നു. ജീവനക്കാർക്ക് ഓണം അഡ്വൻസ് ഇനത്തിൽ വിവിധകാലയളവുകളിൽ അനുവദിക്കുന്നതും, പിരിച്ചെടുക്കുന്നതുമായ തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തുവരുന്നില്ല. അതുകൊണ്ട് വാർഷിക ധനകാര്യപത്രികയിൽ കുടിശ്ശികയായി കാണിച്ച തുക ഏതു കാലയളവിൽ ആരിൽ നിന്നൊക്കെ ലഭിക്കാനുള്ളതാണെന്നതിന്റെ വിവരം ലഭ്യമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേക്ഷണകുറിപ്പിന് (നമ്പർ 15 /2023- 2024 തീയതി : 11/06/2024) 12-06-2024 ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറിപോയ മുൻ സെക്രട്ടറി ശ്രീ. തോമസ്.വി.ഡി എന്നവർ ഓണം അഡ്വാൻസിനത്തിൽ ഒടുക്കുവാൻ ബാക്കിയുള്ള തുകയാണ് മേൽ പ്രസ്താവിച്ച ₹12000 /- രൂപയെന്നും തുക തിരിച്ചടക്കുവാൻ പ്രസ്തുത ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഓണം അഡ്വാൻസിന്റെ തിരിച്ചടവ് 2024 ഫിബ്രവരിമാസത്തോടെ പൂർത്തിയാകേണ്ടതായിരുന്നു.ആയതിനാൽ തുക തിരിച്ചടവിന് വീഴ്ച വരുത്തിയ കാലയളവിലേക്ക് കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിച്ച വ്യവസ്ഥപ്രകാരമുള്ള പലിശ സഹിതം തുക തിരികെ ഈടാക്കിഒടുക്കേണ്ടതാണ്.

## 1-19 വിഷയം: അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പട്ടിക വർഗ വിഭാഗങ്ങൾക്ക്)- അനുമതിയില്ലാത്ത ഭക്ഷണ സാധനങ്ങൾ വിതരണം നടത്തി

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പട്ടിക വർഗ വിഭാഗങ്ങൾക്ക്) നടത്തുന്നതിനായി പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | 59/2023-24-അനുപൂരക പോഷകാഹാര വിതരണ പദ്ധതി (പട്ടിക വർഗ വിഭാഗങ്ങൾക്ക്) |
| **അടങ്കൽ** | 4500000 രൂപ (വികസന ഫണ്ട് ടി.എസ്.പി-2000000, കേന്ദ്രാവിഷ്കൃത ഫണ്ട്-2500000 ) |

| | |
|---|---|
| **നിർവഹണം** | **ഐ.സി.ഡി.എസ് സൂപ്പർവൈസർ** |
| **ചെലവ്** | 2114241 രൂപ (വികസന ഫണ്ട് ടി.എസ്.പി-832786, കേന്ദ്രാവിഷ്കൃത ഫണ്ട്-1281455 ) |
| **ബില്ലുകളുടെ വിശദാംശങ്ങൾ** | |
| 1) 1146917 (ചെക്ക് നമ്പർ-052776/ 10/07/2023)<br>2) 51999 ( ചെക്ക് നമ്പർ-052788/ 29/07/2023)<br>3) 304304 ( ബില്ല് നം-06/ 2023-24 തീയതി 16/08/2023)<br>4) 24571 ( ചെക്ക് നമ്പർ-434792/ 30/09/2023)<br>5) 528482 ( ബില്ല് നം-16/ 2023-24 തീയതി 18/11/2023)<br>6) 57968 ( ചെക്ക് നമ്പർ-6277445 / തീയതി 07/01/2024 )<br>**ആകെ-2114241/-** | |

അനുപൂരക പോഷകാഹാര പദ്ധതി (പട്ടിക വർഗ വിഭാഗം) യിൽ ഉൾപ്പെടുത്തി ട്രഷറി ബില്ല് നമ്പർ 16/ 2023-24 തീയതി 18/11/2023 പ്രകാരം ജാംമ്സ് ഗ്രൂപ്പ് എന്നിവർക്ക് 48264 രൂപയും സഞ്ജീവനി കുടുംബശ്രീ എന്നിവർക്ക് 147950 രൂപയും നൽകിയിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| സി.നം | തുക നൽകിയ സ്ഥാപനം | തുക | ബില്ലിന്റെ വിശദാംശങ്ങൾ | നൽകിയ തുക |
|---|---|---|---|---|
| 1 | ജാംമ്സ് ഗ്രൂപ്പ് കുറ്റിപ്പാറ,പയ്യനാട്,മഞ്ചേരി | 24338 | ഇൻവോയ്സ് നമ്പർ-152 / 30/08/2022, ഗ്രാവി പ്രൊ | 48264 |
| | | 24338 | ഇൻവോയ്സ് നമ്പർ-185/ 27/09/2022, ഗ്രാവി പ്രൊ | |
| 2 | സഞ്ജീവനി കുടുംബശ്രീ ക്ലരിക്കുണ്ട് | 84287.5 | ഇൻവോയ്സ് നമ്പർ-395/30/08/2022, ന്യൂട്രി മാം, ടീൻ കെയർ | 147950 |
| | | 66550 | ഇൻവോയ്സ് നമ്പർ-437/27/09/2022 ന്യൂട്രി മാം, ടീൻ കെയർ | |
| ആകെ | | 199513.5 | | 196214 |

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ 32 അംഗനവാടികളിൽ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ കുട്ടികൾ എന്നിവർക്ക് ഭക്ഷ്യധാന്യങ്ങൾക്ക് പകരമായി സഞ്ജീവനി കുടുംബശ്രീയിൽ നിന്ന് ന്യൂട്രി മാം, ടീൻ കെയർ എന്നിവയും ജാംമ്സ് ഗ്രൂപ്പ് എന്ന സ്ഥാപനത്തിൽ നിന്ന് ഗ്രാവി പ്രോയും വിതരണം ചെയ്യുകയാണുണ്ടായത്.മേൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്ത വകയിൽ 31/03/2023 തീയതിയിലെ 4/1 നമ്പർ തീരുമാന പ്രകാരം 199513 രൂപ നൽകുന്നതിന് തീരുമാനിച്ചിരുന്നു. ആയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഭക്ഷ്യധാന്യങ്ങൾക്ക് പകരം മുകളിൽ പറഞ്ഞിരിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് അംഗീകാരം ലഭ്യമായിട്ടുള്ളതായി കാണുന്നില്ല.

2)മുൻ വർഷങ്ങളിൽ വിതരണം നടത്തിയ ഭക്ഷ്യവസ്തുക്കളുടെ തുകയാണ് തനത് വർഷത്തെ പ്രോജക്ടിൽ നിന്ന് നൽകിയിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ട് വെക്കാതെ ഇപ്രകാരം തുക നൽകിയത് ക്രമപ്രകാരമല്ല.

3)ന്യൂട്രി മാം, ടീൻ കെയർ, ഗ്രാവി പ്രോ എന്നിവ നിലവിൽ എതൊക്കെ മാസങ്ങളിലാണ് വിതരണം നടത്തിയിട്ടുള്ളതെന്നും, എത്ര അളവ് ഭക്ഷ്യ വസ്തുക്കൾ നാളിത് വരേ വിതരണം നടത്തിയിട്ടുണ്ടെന്നും, ഈ ഇനത്തിൽ മുൻവർഷത്തിൽ എത്ര തുകയാണ് നൽകാനുണ്ടായിരുന്നതെന്നും,എത്ര തുകയാണ് ഈ ഇനത്തിൽ നാളിത് വരേ നൽകിയതെന്നും, എത്ര തുക ബാക്കി നൽകാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ഫയലിലില്ല.

4)മേൽ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25/2023-24 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഗ്രാവി പ്രോ, ടീൻകെയർ, ന്യൂട്രി മാം എന്നിവ ചെറുധാന്യങ്ങളും പയറുവർഗങ്ങളും അടങ്ങിയ മിശ്രിതമാണെന്നും ഈ ഫുഡ് പാക്കറ്റിന് ഇപ്രകാരമുള്ള പേരിട്ടു എന്നേയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. വനിത ശിശുക്ഷേമ വകുപ്പ് ജില്ലാ പ്രോഗ്രാം ഓഫീസറുടെ ഉത്തരവ്വ് പ്രകാരമാണ് മേൽ ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തിയിട്ടുള്ളതെന്നും, മുൻ വർഷങ്ങളിൽ വിതരണം നടത്തിയ ഭക്ഷ്യ വസ്തുക്കളുടെ തുക അതാത് വർഷം നൽകാതിരുന്നത് ഭരണസമിതിയുടെ തീരുമാനത്തിന് ശേഷം മാത്രം തുക മാറി നൽകിയാൽ മതിയെന്നറിച്ചതിനാലാണെന്നും പിന്നീട് ഭരണ സമിതിയുടെ അനുമതി പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ തുക

നൽകുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 3,52,692 രൂപയുടെ മേൽ പ്രകാരമുള്ള ഭക്ഷ്യവസ്തുക്കൾ വിതരണം നടത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.
ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്നതിനുള്ള അനുമതിയായി വനിത ശിശുക്ഷേമ വകുപ്പ് ജില്ലാ പ്രോഗ്രാം ഓഫീസറുടെ അനുമതിയാണ് നിർവ്വഹണോദ്യോഗസ്ഥ ഹാജരാക്കിയിട്ടുള്ളത്. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് ഗവൺമെന്റ് അനുമതിയുള്ളതായി കാണുന്നില്ല. ഭരണസമിതി മേൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്തത് പരിശോധിച്ച് തൃപ്തികരമാണോയെന്നറിയിക്കേണ്ടതും ഭാവിയിൽ ഗവൺമെന്റ് അനുമതിയോടെ മാത്രം ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 പൊതു മരാമത്ത് പ്രവൃത്തികൾ - വകയിരുത്തിയ തുക പൂർണമായും വിനിയോഗിക്കാനാവുന്നില്ല.

ഇരുപത് വാർഡുകൾ ഉള്ള പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 2023-2024 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവഹണം നടത്തിയിയ പ്രോജക്റ്റുകളുടെ സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ വകയിരുത്തിയ തുകയുടെ(₹ 6,23,88,775.00) 19.47 ശതമാനം(₹ 1,21,52,897.00) മാത്രമാണ് ചെലവഴിക്കാനായത് എന്ന് ചെലവ് പത്രിക വിശകലനത്തിൽ നിന്ന് വ്യക്തമാവുന്നു. ഏറ്റെടുത്ത ആകെ 79 പ്രോജക്റ്റുകളിൽ 24 എണ്ണം മാത്രമേ നിർവ്വഹിച്ചിട്ടുള്ളൂ. വിവിധങ്ങളായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്റ്റുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ നിർവഹണം ചെയ്യാത്ത പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 5.03 കോടി രൂപ വകയിരുത്തിയ പ്രോജക്റ്റുകൾ നിർവഹിക്കാനായില്ല എന്ന് കാണുന്നു. പ്രോജക്റ്റുകൾ നിർവഹണം നടത്താത്ത സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 29/23-24/13.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമാവുന്ന ഫണ്ട് ലാപ്സാവാൻ ഇടവരുത്താതെ പൂർണമായും ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്. ഏറ്റെടുത്ത എല്ലാ പ്രോജക്റ്റുകളും നിർവഹിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിനുള്ള ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

## 1-21 ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം - ചെയ്യാത്ത ഇനത്തിന് തുക നൽകി.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0159/24 | പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം | 1,90,000.00 (വികസന ഫണ്ട് ടി.എസ്.പി) | 1,89,471.00 ( BRN No. 2318055201540054407 8/13.09.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

| | |
|---|---|
| കരാറുകാരൻ | മഹേഷ് കെ.ആർ. |
| കരാർ നമ്പർ | AE/LSGD/PLPY/64/2022-23 Dt 30/03/2023 |

ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ, പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയത്തിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ചെയ്തെന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയ പ്രവൃത്തികളിൽ ഉള്ള 7എണ്ണം ഫാൻ, 7എണ്ണംഫാൻ റെഗുലേറ്റർ എന്നിവ പ്രാദേശിക പരിശോധനയിൽ കണ്ടില്ല. 3എണ്ണം ഫാനും 3ഫാൻ റെഗുലേറ്ററും ആണ് പ്രാദേശിക പരിശോധനയിൽ സ്ഥാപിച്ചതായി കണ്ടിരിക്കുന്നത്. ബാക്കി 4 ഫാനും 4ഫാൻ റെഗുലേറ്ററുകളുടെയും തുക അധികം നൽകിയിരിക്കുകയാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫൈനൽ ബില്ലിലെ ക്രമ നം. | ഇനം | എണ്ണം | നിരക്ക്(₹) | ഫൈനൽ ബിൽ പ്രകാരം നൽകിയ തുക(₹) | പ്രാദേശിക പരിശോധനയിൽ സ്ഥാപിക്കാത്ത ഉപകരണങ്ങളുടെ എണ്ണം | അധികം നൽകിയ തുക(₹) (GST ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 10 | സീലിംഗ് ഫാൻ | 7 | 2204.42 (2601.28 GST ഉൾപ്പെടെ) | 18209 | 4 | 10405 |
| 11 | ഫാൻ റെഗുലേറ്റർ | 7 | 408.97 (482.57 GST ഉൾപ്പെടെ) | 3378 | 4 | 1930 |
| **ആകെ** | | | | | | **12,335** |

മേൽ പട്ടികയിൽ പറയുന്ന 3 ഫാനും റെഗുലേറ്ററും മാത്രമേ സാംസ്കാരിക നിലയത്തിൽ സാപിച്ചിട്ടുള്ളൂ എന്നത് അസി.എഞ്ചിനീയർ ബോധ്യപ്പെട്ട് രേഖാമൂലം സാക്ഷ്യപ്പെടുത്തി തന്നിട്ടുള്ളതാണ്. മേൽ പ്രകാരം, 9251/- രൂപ മാത്രമാണ് കരാറുകാരന് 4ഫാൻ, 4ഫാൻ റെഗുലേറ്റർ എന്നിവ സ്ഥാപിക്കാതെ തന്നെ തുക നൽകിയത് വഴി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 28/23-24/13.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക്, അധികം നൽകിയ തുക 12,335.00 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടവാക്കേണ്ടതാണ്.

( ഖണ്ഡിക 3-1 കാണുക)

## 1-22 പൊതു ശുചി മുറി നിർമ്മാണം - നിലവിലും ഉപയോഗിക്കുന്നില്ല.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പൊതു ശുചിമുറിക്കായി വിഭാവനം ചെയ്ത ഈ പദ്ധതി നാളിതുവരെ ഉപയോഗപ്രദമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0167/24 | പൊതു ശുചിമുറി സമുച്ചയം | 18,43,941.00 (16,33,941 (ധനകാര്യ കമ്മീഷൻ | 10,94,642.00 (വൗച്ചർ |

| | | | |
|---|---|---|---|
| | നിർമ്മാണം | ഗ്രാന്റ്)+210000(സംസ്ഥാനാവിഷ്കൃത ഫണ്ട്)) | നം.XVFC/2022-23 /P/47/30.03.23) 5,95,308.00 (വൗച്ചർ നം.XVFC/2023-24 /P/30/31.03.24) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| കരാറുകാരൻ | | സന്തോഷ് കുമാർ കെ.ഡി. | |
| കരാർ നമ്പർ | | AE/LSGD/PLPY/05/2022-23 Dt 10/11/2022 | |
| എം.ബുക്ക് നം. | | 14/2021-22 & 25/2021-22 | |

മേൽ പദ്ധതി പ്രകാരം, പൊതു ശുചിമുറി കെട്ടിടം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ, ആകെ 16,89,950.00 രൂപ(2022-23 വർഷം 1094642/- രൂപയും 2023-24 വർഷം 595308/- രൂപയും) ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി, അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും, ഇതു വരെ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. മുറ്റം ഇന്റർലോക്ക് ചെയ്തിരിക്കുന്നത് വെള്ളം ഒഴുകി പോകാതെ കെട്ടി നിൽക്കുന്ന വിധത്തിൽ ആയതിനാൽ, ഇന്റർലോക്ക് ചെയ്ത മുറ്റം താഴ്ന്ന് ഉപയോഗശൂന്യമായി കിടക്കുകയാണ്. തൊട്ടടുത്ത പബ്ളിക്ക് ലൈബ്രറി കെട്ടിടവും വെള്ളം കെട്ടി കിടന്ന കാരണം കേടുപാടുകൾ സംഭവിച്ച നിലയിൽ ആണ്. മുറ്റം ഉപയോഗക്ഷമമല്ലാത്തതിനാൽ 17 ലക്ഷം രൂപയോളം ചെലവഴിച്ച് നിർമ്മിച്ച പൊതു ശുചിമുറി ജനങ്ങൾക്ക് ഉപകാരപ്പെടുന്നില്ല.



പൊതു ശുചിമുറി കെട്ടിടത്തിന്റെ മുറ്റം തകർന്ന് കിടക്കുന്നു.

പൊതു ശുചിമുറി കെട്ടിടം പ്രവേശന കവാടം കാടു പിടിച്ച് കിടക്കുന്നു.




വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 27/23-24/13.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന്റെ പണം ഉപയോഗിച്ച് മുറ്റം നിലം ഉറപ്പിച്ച് വെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യത്തോടെ ഇന്റർലോക്ക് ചെയ്യേണ്ടതാണ്. എത്രയും പെട്ടെന്ന് തന്നെ തടസ്സങ്ങൾ ഒഴിവാക്കി പൊതു ശുചിമുറി പൊതു ജനങ്ങൾക്കായി തുറന്ന് കൊടുക്കേണ്ടതാണ്. പൊതു ശുചിമുറി പ്രവർത്തനക്ഷമമാക്കി അറിയിക്കുന്നത് വരെ ഈ വർഷത്തെ ചെലവ് തുക ₹ 5,95,308.00 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനമായി സ്കോളർഷിപ്പ് നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്റ്റ് നമ്പർ** | S0134/24 |
| **പ്രോജക്റ്റിന്റെ പേര്** | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| **അടങ്കൽ** | ₹ 5,00,000.00<br>(വികസന ഫണ്ട് എസ്.സി.പി) |
| **ചെലവ് (₹)** | ₹ 1,60,000.00 |
| | 25000/-(BRN No. 23180552015001542496/25.03.2024) |
| | 75000/-(BRN No. 2318055201500146508/22.03.2024) |
| | 60000/-(BRN No. 23180552015001469499/23.03.2024) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി. സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം, ശ്രീമതി. നീരജ വിജയൻ, പറക്കാട്ട് വീട്, പാലക്കൊല്ലി എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 50,000.00 രൂപ സ്കോളർഷിപ്പ് തുകയായി നൽകിയിട്ടുണ്ട്(BRN No. 2318055201500146508/22.03.2024). മേൽ ഗുണഭോക്താവിന്റെ; B.T.L School Of Nursing, Bangalore എന്ന സ്ഥാപനത്തിന്റെ, 27/09/2023 തീയതിയിലെ (കത്ത് നം. നൽകിയിട്ടില്ല) Provisional Admission Letter -ന്റെ

അടിസ്ഥാനത്തിൽ ആണ് തുക നൽകിയിരിക്കുന്നത്. പ്രസ്തുത കത്തിൽ പറയുന്നത്, 2023-2024 കാലയളവിൽ Provisional ആയി GNM Nursing Course – ന് അഡ്മിറ്റ് ചെയ്തിട്ടുണ്ട് എന്നാണ്. എല്ലാ ഒറിജിനൽ രേഖകളും ആദ്യ വർഷ ഫീസും ഡ്യൂ ഡേറ്റിനുള്ളിൻ അടവാക്കിയാൽ മാത്രമേ പ്രൊവിഷണൽ അഡ്മിഷൻ Confirm ആകുകയുള്ളൂ എന്നും കത്തിൽ വ്യക്തമാക്കുന്നുണ്ട്. സബ്സിഡി മാർഗ്ഗരേഖ[.സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.2/05/2022] ഖണ്ഡിക 7.2.4 പ്രകാരം കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് നൽകേണ്ടത്. അതിനാൽ, ശ്രീമതി. നീരജ വിജയൻ, പറക്കാട്ട് വീട്, പാലക്കൊല്ലി എന്ന ഗുണഭോക്താവിന്റെ ഒറിജിനൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 17/23-24/12.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി. നീരജ വിജയന്, കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ നല്കിയ സ്കോളർഷിപ്പ് ₹ 50,000.00 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടവാക്കേണ്ടതാണ്.(ഖണ്ഡിക 3-2 കാണുക).

## 1-24 പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം – വിതരണം നടത്തിയിട്ടില്ല.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കുടിവെള്ളം സംഭരിക്കുന്നതിന് 500 ലിറ്റർ സംഭരണശേഷിയുള്ള പി.വി.സി വാട്ടർ ടാങ്ക് നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നമ്പർ** | S0031/24 |
| **പ്രോജക്ടിന്റെ പേര്** | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് വിതരണം |
| **അടങ്കൽ** | ₹ 8,00,000.00<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| **ചെലവ് (₹)** | ₹ 7,99,875.00 |
| | 79,875.00(Vr. No.XVFC/2024-25/P/1/30.03.24) |
| | 7,20,000.00(Vr. No.XVFC/2023-24/P/29/30.03.24) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി. സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം, ജെം വഴി, IT Professionals Co-Op Society, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാട്ടർ ടാങ്കുകൾ വാങ്ങിയിരിക്കുന്നത്. ഇതുപ്രകാരം 237 എണ്ണം വാട്ടർ ടാങ്കുകളുടെ (237 Nos. X 3375/Piece = 799875) തുക നൽകിയിട്ടുണ്ട് (Invoice No. IT/23-24L1047/24.03.24). ഓഡിറ്റിന്റെ ഭാഗമായി അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ, 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാതെ പുതിയ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/23-24/06.06.24) ലഭ്യമാക്കിയ മറുപടിയിൽ, ലോക് സഭ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാലാണ് മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള വാട്ടർ ടാങ്കുകൾ വിതരണം ചെയ്യാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് വാട്ടർ ടാങ്കുകൾ എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. അത് വരെ ചെലവ് തുക ₹ 7,99,875.00 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-25 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – വിതരണം നടത്തിയിട്ടില്ല.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ലാപ്പ്ടോപ്പ് വാങ്ങി നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നമ്പർ** | S0137/24 |
| **പ്രോജക്ടിന്റെ പേര്** | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം |
| **അടങ്കൽ** | ₹ 5,00,000.00<br>(വികസന ഫണ്ട് ടി.എസ്.പി) |
| **ചെലവ് (₹)** | ₹ 1,84,771.00(BRN No. 23180552015001469514/24.03.2024) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി. സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം, ജെം വഴി, Kadavil Infotek, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ്പ്ടോപ്പ് വാങ്ങിയിരിക്കുന്നത്. ഇതനുസരിച്ച് 5 ലാപ്പ്ടോപ്പുകളുടെ വില (5 X 36954) 2023-24 സാമ്പത്തികവർഷം നൽകിയിട്ടുണ്ട് (Invoice No. Ki-23/24-0839/05.03.24). ബാക്കി 8 ലാപ്ടോപ്പുകളുടെ വിലയായ 2,95,634/- രൂപ 2024-25 സാമ്പത്തികവർഷം കൊടുത്തിട്ടുണ്ട്(Invoice No. Ki-23/24-0961/24.03.24). ഓഡിറ്റിന്റെ ഭാഗമായി അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ, 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ 13 ലാപ്ടോപ്പുകൾ വിതരണം ചെയ്യാതെ ഗ്രാമ പഞ്ചായത്ത് സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ് എന്ന് കാണുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 7/23-24/06.06.24) നൽകിയ മറുപടിയിൽ, ലോക് സഭ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാലാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്യാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. അത് വരെ ചെലവ് തുക ₹ 1,84,771.00 രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-26 സീറോ വേസ്റ്റ് പീരിയഡ്സ് - മെൻസ്ട്രുവൽ കപ്പുകൾ വിതരണം നടത്തിയിട്ടില്ല.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ വനിതകൾക്കും പെൺകുട്ടികൾക്കും മെൻസ്ട്രുവൽ കപ്പ് വാങ്ങി നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രോജക്ട് നമ്പർ** | S0105/24 |
| **പ്രോജക്ടിന്റെ പേര്** | സീറോ വേസ്റ്റ് പീരിയഡ്സ് |
| **അടങ്കൽ** | ₹ 6,41,700.00<br>(വികസന ഫണ്ട് ജനറൽ) |
| **ചെലവ് (₹)** | ₹ 3,37,190.00 |
| | 99897/-(BRN No. 23180552013801489470/24.03.2024) |
| | 99897/-(BRN No. 23180552013801488783/24.03.2024) |
| | 99897/-(BRN No. 23180552013801489389/24.03.2024) |
| | 37499/-(BRN No. 23180552013801489927/24.03.2024) |

| | |
|---|---|
| **നിർവ്വഹണോദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ(PHC) |

HLL Lifecrae Ltd, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നമാണ് മെൻസ്റ്റുവൽ കപ്പുകൾ വാങ്ങിയിരിക്കുന്നത്. ആകെ 1124 എണ്ണം മെൻസ്റ്റുവൽ കപ്പുകൾ ആണ് വാങ്ങിയിരിക്കുന്നത്. എന്നാൽ, മെൻസ്റ്റുവൽ കപ്പുകൾ വിതരണം നടത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/23-24/07.06.24) നൽകിയ മറുപടിയിൽ, ലോക് സഭ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ ആണ് വിതരണം ചെയ്യാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. മെൻസ്റ്റുവൽ കപ്പുകൾ എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് അറിയിക്കേണ്ടതാണ്. അത് വരെ ചെലവ് തുക ₹ 3,37,190.00 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-27 പി.എം.എ വൈ ഭവന പദ്ധതി - പഞ്ചായത്ത് വിഹിതമായി അധികം തുക നൽകി

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ പി.എം.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി 2023-24 വർഷം താഴെപ്പറയുന്ന പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 47/24 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ വിഹിതം നൽകൽ |
| ഫണ്ട് | വികസനഫണ്ട് - പൊതു വിഭാഗം |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 3,00,000 |
| ചെലവ് | 2,90,000 |
| BRN No.0 Dt.13.11.2023 | 170000 |
| BRN No.0 Dt.12.12.2023 | 95000 |
| BRN No.0 Dt.24.03.2024 | 25000 |

II

| | |
|---|---|
| പ്രോജക്ട് നമ്പർ | 189/24 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ വിഹിതം നൽകൽ |
| ഫണ്ട് | വികസനഫണ്ട് - പൊതു വിഭാഗം |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 1,40,000 |
| ചെലവ് | 35,000 |
| BRN No.0 Dt.24.03.2024 | 35000 |

പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്കാണ് മേൽ പ്രോജക്ടുകൾ പ്രകാരം ഭവനനിർമ്മാണ ധനസഹായം ( പി.എ.വൈ പദ്ധതി ) നൽകേണ്ടത്. മേൽ പദ്ധതി നടപ്പാക്കിയതിന്റെ ഹാജരാക്കിയ രേഖകളിൽ ഗുണഭോക്താക്കളുടെ ലിസ്റ്റ് , അനുവദിച്ച തുക എന്നിവ ലഭ്യമാക്കിയിട്ടില്ല ആയതിനാൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവർക്ക തന്നെയാണോ ആനുകൂല്യം നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രവുമല്ല ഓരോ ഗുണഭോക്താക്കൾക്കും ലഭിച്ച തുക എത്രയാണെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. പി.എം.എ.വൈ വിഹിതമായി 2021-22 മുതൽ ഗ്രാമ പഞ്ചായത്ത് നൽകിയ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജ്ക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | വികസനഫണ്ട് പൊതുവിഭാഗം | എസ്.സി.പി | ടി.എസ്.പി |
|---|---|---|---|---|---|
| 2021-22 | 209/22 | പി.എം.എ.വൈ പട്ടിക ജാതി | - | 315000 | - |
| 2021-22 | 210/22 | പി.എം.എ.വൈ പട്ടിക വർഗ്ഗം | | | 1,467,084 |
| 2022-23 | 28/23 | പി.എ.വൈ ജനറൽ | 640,000 | | |
| 2022-23 | 156/23 | പി.എ.വൈ ജനറൽ | 550,000 | | |
| 2022-23 | 157/23 | പി.എം.എ.വൈ പട്ടിക വർഗ്ഗം | | | 622,916 |
| 2023-24 | 47/24 | പി.എ.വൈ ജനറൽ | 290,000 | | |
| 2023-24 | 189/24 | പി.എ.വൈ ജനറൽ | 35,000 | | |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 1,515,000 | 315000 | 2,090,000 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ഒരാൾക്ക് നൽകേണ്ട ഗ്രാമ പഞ്ചായത്ത് വിഹിതം | ആകെ നൽകേണ്ട വിഹിതം. | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| ജനറൽ | 16 | 70000 | 1,120,000 | 1,515,000 | 395,000 |
| പട്ടിക ജാതി | 10 | 70000 | 7,00,000 | 315,000 | - |
| പട്ടിക വർഗ്ഗം | 22 | 120000 | 26,40,000 | 2,090,000 | . |

മേൽ പട്ടികകൾ പരിശോധിച്ചാൽ ജനറൽ വിഭാഗത്തിന്റെ വിഹിതമായി 395000 രൂപ അധികമായി നൽകിയതായി കാണുന്നു. അധികം നൽകിയ തുക തിരികെ ലഭിച്ചതായി കാണുന്നില്ല. ഭവന നിർമ്മാണത്തിന് ആനുകൂല്യം ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവർക്ക് തന്നെ ആണോ ലഭിച്ചതെന്നും, അധികം നൽകിയ തുക തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യുന്നതിന് സ്വീകരിച്ച നടപടി വിവരവും ലഭ്യമാക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24 തീയതി 13.06.24) ന് നൽകിയ മറുപടിയിൽ തുക നൽകിയതിന് വ്യക്തമായ വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല.

## 1-28 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

മാലിന്യമുക്തകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് ശുചിത്വ മാലിന്യ പരിപാലന പരിപാടികൾ പ്രാദേശികവും കേന്ദ്രീകൃതമവുമായ പദ്ധതികളിലൂടെ സംസ്ഥാനത്താകെ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണം, തയ്യാറാക്കൽ, നിർവ്വഹണം, തുടർ പരിപാലനം എന്നിവയ്ക്കുള്ള ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരികയാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപപെടുന്ന മാലിന്യത്തിന്റെ തോതും അതിന്റെ ഇനവും വ്യത്യസ്തമാണ്. അതാത് പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, കാലാവസ്ഥയും, ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ പ്രത്യേകതകളും രൂപപെടുന്ന മാലിന്യത്തിന്റെ ഉറവിടങ്ങൾ, അളവ്, ഇനം എന്നിവ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം അനിവാര്യമായ ചുമതലയായ ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കടമയുമാണ്.

മാലിന്യങ്ങളെ അത് രൂപപെടുന്ന ഘടകങ്ങൾവെച്ച് പൊതുവെ ഖര മാലിന്യമായാണ് വിവക്ഷിക്കാറ്. ഭക്ഷണാവശിഷ്ടങ്ങൾ, മത്സ്യമാംസാധികളുടെ അവശിഷ്ടങ്ങൾ, ഇതിനുപുറമെ ഗാർഹീകമായി ഉണ്ടാകുന്ന അവശിഷ്ടങ്ങൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. ഇത്തരം മാലിന്യങ്ങളെ സംസ്കരിക്കുന്നതിനായി വിവിധ തലത്തിലുള്ള നൂതന സംവിധാനങ്ങൾ ഇന്ന് ലഭ്യമാണ്.കലം കമ്പോസ്റ്റ്, മുച്ചട്ടി കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പോർട്ടബിൾ ബിൻ, കിച്ചൺ ബിൻ, ബയോകമ്പോസ്റ്റർ, പെപ്പ്കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ്, തുടങ്ങിയവ ചിലത് മാത്രമാണ്. രൂപപെടുന്ന അഴുകുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമായി എയറോബിൻ തുമ്പൂർമൂഴി ,ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംസ്കരണ ഉപാധികളും പൊതുവെ അനുവർത്തിച്ചുവരുന്നു. ആധുനീക കാലത്തെ ഇ-വേസ്റ്റ് പുതിയ വെല്ലുവിളിയാണ് ഇതും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ അനിവാര്യമാണ്. മാലിന്യങ്ങൾ പരമ്പരാഗതമായി കാണുന്നരീതിക്ക് ഇന്ന് മാറ്റം വന്നിട്ടുണ്ട്. മാലിന്യങ്ങൾ തരംതിരിച്ച് വിപണനം ചെയ്ത് വരുമാനം ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകൾ നിലവിലുണ്ട്. അഴുകുന്ന മാലിന്യത്തെ ജൈവവളമായും, ബയോഗ്യാസിന്റെ അസംസ്കൃത വസ്തുവായും മൂല്യവത്തായ ഒന്നായി മാറിയിരിക്കയാണ്. എന്നാൽ ജനസംഖ്യാ വർദ്ധനവും, സ്ഥലപരിമിതിയും. നിയമങ്ങൾ ശരിയായി അംഗീകരിക്കാത്ത ഒരു ചെറിയ സമൂഹവും മാലിന്യത്തെ ദുരന്തപൂരിതമാക്കി നമ്മുടെ പ്രകൃതിയേയും ആവാസ വ്യവസ്ഥയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ശരിയായ ഉറവിട മാലിന്യ സംസ്കരണം

ലക്ഷ്യംവെച്ച് സർക്കാർ ഏജൻസിയായ ശുചിത്വമിഷൻ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നത്തിവരുന്ന പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ട് എന്നുള്ള പരിശോധനയാണ് ഈ റിപ്പോർട്ടിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയുംറിപ്പോർട്ടിന്റെയും. ഫിൽഡ് തല സാമ്പിൾ പരിശോധനയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം

77-78 ച.കി.മി വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിൽ 2011 ലെ സെൻസസ് പ്രകാരം 33951 ജനസംഖ്യയാണുള്ളത്. ഇതിൽ 1022 പട്ടികജാതിയും,7727 പട്ടികവർഗ്ഗ ജനസംഖ്യയുമുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന വർഷങ്ങളായി വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അകെ 20 വാർഡുകളിൽ 2 വീതം ഹരിതകർമ്മസേനാംഗങ്ങളുണ്ട്. ഹരിത കർമ്മസേനാംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാമാസവും ഖരമാലിന്യങ്ങൾ ശേഖരിച്ചുവരുന്നുണ്ട്. ശുചിത്വമിഷന്റെ കലണ്ടർ അനുസരിച്ച് ഹരിത കർമ്മസേന പ്രതിമാസം ശേഖരിക്കുന്ന മാലിന്യ ഇനങ്ങൾ ഏതൊക്കെയാണെന്നുള്ള കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ മാസവും പൊതുവായി പ്ലാസ്റ്റിക്ക്, പേപ്പർ എന്നിവ ശേഖരിക്കുന്നു ഇതിനുപുറമെ ,ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ കലണ്ടർ അനുസരിച്ച് ശേഖരിച്ചുവരുന്നുണ്ട്.

പ്രതിമാസം 10 ടൺമാലിന്യങ്ങളും പ്രതിവർഷം 120 ടൺ മാലിന്യങ്ങളും ഈ വിധം ശേഖരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ 50 %വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം വേർതിരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പുനരുപയോഗിക്കാൻ സാധിക്കുന്ന മാലിന്യങ്ങൾ ക്ലീൻകേരള കമ്പനിക്ക് കൈമാറിവരുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങളിൽ എത്രശതമാനം പുനരുപയോഗിക്കാൻ സാധ്യമല്ലാത്തതാണെന്ന് പ്രത്യേകം സ്ഥിതിവിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ റീസൈക്ലിംഗ് സംവിധാനം നിലവിലില്ല. മാലിന്യ സംസ്കരണ രീതികളെപറ്റി പൊതുജനങ്ങളെ ബോധവസത്കരിക്കുന്നതിനായി ഹരിത കർമ്മ സേന ഗ്രാമപഞ്ചായത്ത് തലത്തിലെ വ്യാപാര സ്ഥാപനങ്ങൾ വീടുകൾ എന്നിവിടങ്ങളിൽ നോട്ടീസുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലെ 20 വാർഡുകളിലുമായി 2 വീതം ഹരിതകർമ്മ സേനാംഗങ്ങളാണുള്ളത്. ഇവർക്കായി 2023-24 വർഷത്തിൽ നൽകിയ വരുമാനത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| കാലയളവ് | ജോലി ലഭിച്ച അംഗങ്ങൾ | നൽകിയ തുക |
|---|---|---|
| ഏപ്രിൽ 2023 | 29 | 90900.00 |
| മെയ് 2023 | 32 | 2,10,150.00 |
| ജൂൺ 2023 | 32 | 2,25,000.00 |
| ജൂലൈ 2023 | 33 | 2,70,450.00 |
| ആഗസ്റ്റ് 2023 | 33 | 2,13,750.00 |
| സെപ്തംബർ2023 | 33 | 3,67,000.00 |
| ഒക്ടോബർ 2023 | 33 | 3,23,000.00 |
| നവംബർ 2023 | 33 | 3,38,000.00 |
| ഡിസംബർ 2023 | 39 | 3,98,500.00 |
| ജനുവരി 2024 | 38 | 4,23,500.00 |

| | | |
|---|---|---|
| ഫെബ്രുവരി 2024 | 39 | 3,9,500.00 |
| മാർച്ച് 2024 | 39 | 4,18,000.00 |
| | ആകെ | 33,17,750.00 |

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർ ഫി, പരിസ്ഥിതി സൗഹൃദ റന്റൽ സ്റ്റോർ മുഖാന്തിരമുള്ള സ്റ്റീൽ, പ്ലേറ്റ്, ഗ്ലാസ് വാടക, ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിക്കുന്ന തുക എന്നിവയാണ്. യൂസർ ഫി ഇനത്തിൽ വീടുകളിൽ നിന്നും 50 രൂപയും, സ്ഥാപനങ്ങളിൽ നിന്നും100 രൂപയുമാണ് പിരിച്ചെടുക്കുന്നത്. ഈയിനത്തിൽ 2023-24 വർഷം ആകെ ലഭിച്ചതുകയുടെ രേഖകൾ കണക്ക് എന്നിവ ലഭ്യമാക്കിയിട്ടില്ല. ക്ലീൻ കേരള കമ്പനിയിൽ നിന്നും പുനരുപയോഗ മാലിന്യങ്ങൾ എടുത്ത വകയിൽ 2023-24 വർഷത്തിൽ 2,97,397രൂപ ലഭിച്ചിട്ടുണ്ട്. മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി എടുത്തവകയിൽ 2023-24 വർഷത്തിൽ ക്ലീൻ കേരള കമ്പനിക്ക് ആകെ 6,52,400 രൂപയും നൽകിയിട്ടുണ്ട്.വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഇനത്തിൽ തുകയൊന്നും ഈ കാലയളവിൽ നൽകിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വീടുകളിൽ നിന്നും ഹരിത കർമ്മ സേന മാലിന്യങ്ങൾ ശേഖരിച്ച വക യൂസർ ഫി ഇനത്തിൽ സെക്രട്ടറിയുടെ പ്രോജക്ട് മുഖേന 10 ലക്ഷം രൂപ നൽകിയതായി കാണുന്നു. എന്നാൽ ഹരിത കർമ്മ സേനാംഗങ്ങൾ കോളനികളിലെ വീടുകളിൽ സന്ദർശിച്ചതിന്റെ വിവരങ്ങളോ, രേഖകളോ പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ മാലിന്യ നീക്കത്തിനായി സ്വന്തമായി ഇ-ഓട്ടോയും, വാടകയ്ക്ക് എടുത്തിട്ടുള്ള ട്രാക്ടറുമുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ മാലിന്യ സംസ്കരണത്തിന്റെ അവബോധം ഗ്രാമസഭകൾ വഴിയും, പൊതു സ്ഥലങ്ങളിലെ പൊതു അറിയിപ്പ് വഴിയും പൊതുജനങ്ങൾക്ക് പൊതുവിൽ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിലെ നിയമലംഘനം കണ്ടെത്തി 2 കേസുകളിലായി 7000രൂപ പിഴയും ഈടാക്കിയിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം പ്രത്യേകമായി നൽകിയിട്ടില്ല.

ഹരിത കർമ്മസേന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ശേഖരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും, വേർതിരിക്കുന്നതിനുമായി 37 മിനി എം.സി.എഫുകളും, 1 എം.സി.എഫും നിലവിലുണ്ട്. എന്നാൽ മാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് സംസ്കരിക്കുന്നതിനും, മൂല്യവർദ്ധിത വസ്തുക്കളായി മാറ്റുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള സ്ഥലസൗകര്യമില്ലാത്ത പ്രശ്നം നിലവിലുണ്ട്. വീടുകളിൽ മാലിന്യ ശേഖരണ കലണ്ടർ അനുസരിച്ചുള്ള സമയപരിധി പാലിച്ച് ഹരിത കർമ്മ സേന മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ഹരിത കർമ്മസേനാംഗങ്ങൽക്ക് മാലിന്യ ശേഖരണത്തിന് ആവശ്യമായ ആരോഗ്യ രക്ഷാ സംവിധാനങ്ങൾ നൽകി വരുന്നുണ്ട്.

**ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ**

ഗ്രാമപഞ്ചായത്ത് മാലിന്യ ശേഖരണത്തിലും സൂക്ഷിപ്പിലും സംസ്കരിക്കുന്നതിലും നേരിടുന്ന പ്രധാന പ്രശ്നം സ്ഥലപരിമിതിയാണ്. മിനി എം,സി.എഫുകളിലും, എം.സി.എഫുകളിലും വേണ്ടത്ര സ്ഥലസൗകര്യമില്ല. ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് തയ്യാറാക്കിയാലും സമയബന്ധിതമായി ക്ലീൻ കേരള കമ്പനി എടുക്കുന്നില്ല. ഭൂപ്രകൃതികൊണ്ട് ദുഷ്കരമായ വനപ്രദേശങ്ങളോട് ചേർന്ന വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഹരിത കർമ്മ സേനാംഗങ്ങൾക്ക് മതിയായ സുരക്ഷയും, മെച്ചപ്പെട്ട ആരോഗ്യ സംരക്ഷണ ഉപാധികളും നൽകണം. ഹരിത കർമ്മ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്ന വിധത്തിൽ ഇക്കോ ഷോപ്പ്, ആരംഭിച്ച് ജൈവവളം ഉൾപ്പെടെ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.100 % യൂസർ ഫി പിരിച്ചെടുക്കുന്നതിനും, ആയത് അക്കൗണ്ട് ചെയ്യുന്നതിനും ക്യു.ആർ.കോഡ് മുഖാന്തിരമുള്ള യൂസർ ഫി പിരിവ് ആരംഭിക്കണം. എല്ലാ വാർഡുകളിലും ഹരിത കർമ്മ സേനാ മുഖേനയുള്ള വാതിൽപടി ശേഖരണം വീടുകളിലും. സ്ഥാപനങ്ങലിലും നടക്കുന്നു എന്ന് ഉറപ്പാക്കുന്നതിനുആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ,വാർഡ് മെംബർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്ന കമ്മറ്റി വാർഡ് തല മോണിറ്ററിംഗ് ഉറപ്പുവരുത്തണം. കേന്ദ്ര സർക്കാറിന്റെ വനം, പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച ഇ-മാലിന്യ പരിപാലന ചട്ടം 2016 അനുസരിച്ച് ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഉൾപ്പെടുന്ന വസ്തുക്കൾ ഉപയോഗശേഷം പ്രവർത്തന രഹിതമാകുമ്പോൾ ഉത്പാദകർ തന്നെ ഉപഭോക്താക്കളിൽ നിന്നും അവ സംഭരിക്കുന്നതിന് ക്രമീകരണമൊരുക്കി കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തണം. മാലിന്യത്തിൽ നിന്നും പുനരുപയോഗ യോഗ്യമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി വരുമാനദായക സംരംഭങ്ങൾ ആരംഭിക്കണം. വിപുലമായതും ആധുനീക സാങ്കേതി വിദ്യ ഉപയോഗപ്പെടുത്തികൊണ്ടുള്ള സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പ്രോദക്ടുകൾ തയ്യാറാക്കണം.നിലവിലുള്ള പരിമിതിക്കുള്ളിലും പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന മുഖേനയുള്ള മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-29 കേളക്കവല എന്ന സ്ഥലത്ത് കുഴൽ കിണർ - നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലെ കേളക്കവല എന്ന സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുന്നതിന് വേണ്ടി ഭൂജല വകുപ്പിൽ തുക നിക്ഷേപിക്കുന്നതിന് വേണ്ടി 2023-24വർഷം താഴെപ്പറയുന്ന പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ-256/24

പ്രോജക്ട്-കേളക്കവല കുഴൽകിണർ നിർമ്മാണം-ഭൂജലവകുപ്പിന് തുക കൈമാറൽ

ഫണ്ട്-തനത് ഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-1,26,363/-

ചെലവ്-1,26,363/-

ചെക്ക് നം.398606 തീയതി 05/02/2024 തുക 1,26,363/-

ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 08/10/2023 തീയതിയിലെ ജി.ഡബ്ല്യൂ.റ്റി/13/23 കത്തിനോടൊപ്പം നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിക്ഷേപ പ്രവൃത്തിയായി തുക കൈമാറിയിട്ടുള്ളത്. കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ഭൂജല വകുപ്പുമായ 22.01.2024ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തീകരണം സംബന്ധിച്ച് യാതൊരു രേഖകളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. കുഴൽ കിണർ നിർമ്മാണം പൂർത്തീകരണ സാക്ഷ്യപത്രം , ആയതിന്റെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയിയ ഓഡിറ്റ് എൻക്വയറി (നം.11 തീയതി 7.6.24)ക്ക് വിനിയോഗ സാക്ഷ്യപത്രം എത്രയും വേഗം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച ₹1,26,363 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 എം.സി.എഫിൽ ബെയിലിംഗ് മെഷീൻ നിലവിലും സ്ഥാപിച്ചിട്ടില്ല.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എം.സി.എഫ് കെട്ടിടം ആവശ്യമായ വയറിംഗ് നടത്തി, ബെയിലിംഗ് മെഷീൻ സ്ഥാപിക്കാൻ ആണ് ചെയ്ത പദ്ധതി വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 225/24 | എം.സി.എഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ | 2,00,000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 5,00,000.00(സംസ്ഥാനാവിഷികൃത ഫണ്ട്) ആകെ 7,00,000.00 | 4,99,999.00 (ഓർഡർ നം. 526/SBM/WYD/2021 /27.03.2024) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |

മേൽ പദ്ധതി പ്രകാരം, ജെമ്മിൽ നിന്നും Hydrolic Plastic Bailing Machine വാങ്ങിയിട്ടുണ്ട്. Monarch Systems കോഴിക്കോടിന്റെ ഇൻവോയിസ് (No. MNCLT23-24/184/19.03.2024) പ്രകാരം 4,99,999/- രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അസി.എഞ്ചിനീയറുടെ/അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ, 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ ബെയിലിംഗ് മെഷീൻ MCF കെട്ടിടത്തിന്റെ മുറ്റത്ത് ചെളിയിൽ ആണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് കാണുകയുണ്ടായി.




ബെയിലിംഗ് മെഷീൻ MCF കെട്ടിടത്തിന്റെ മുറ്റത്ത് ചെളിയിൽ ആണ് സൂക്ഷിച്ചിരിക്കുന്നത്.

ബെയിലിംഗ് മെഷീൻ ഇതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. മെഷീന്റെ വാറന്റി, കരാർ എന്നിവ ഫയലില്ല. പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ, അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി - ക്കുള്ള കത്തിൽ (നം.401010/DPTP01/GP/2022 /10000/(58) തീ. 31/05/2024) , ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് 3- ഫേസ് ലൈൻ ആവശ്യമുണ്ടെന്നും, അതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രോജക്ട് പ്രകാരം എം.സി.എഫിൽ ആവശ്യമായ വയറിംഗ് നടത്തിയതിന് ശേഷം മാത്രമാണ് ബെയിലിംഗ് മെഷീൻ വാങ്ങിക്കേണ്ടിയിരുന്നത്. എന്നാൽ, 19/03/2024 -ന്, ബെയിലിംഗ് മെഷീൻ വാങ്ങിയിട്ട് 31/05/2024 -ന് മാത്രമാണ്, 3- ഫേസ് ലൈനിന് വേണ്ടി കത്ത് നൽകിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 26/23-24/13.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ബെയിലിംഗ് മെഷീൻ MCF കെട്ടിടത്തിൽ ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനക്ഷമമാക്കി അറിയിക്കുന്നത് വരെ ചെലവ് തുക ₹ 4,99,999/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-31 ഹോമിയോ മരുന്നുകൾ - തുക മുൻകൂറിയ നൽകിയിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല.

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ- 6/24

പ്രോജക്ട്- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് പ്ലാസ്റ്റിക് രഹിത ബോട്ടിലുകൾ വാങ്ങൽ

ഫണ്ട്-മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-5,00,000

ചെലവ്- BRN 23180552014800707198 തീയതി 01.11.2023 തുക 5,00,000

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന്, വിതരണത്തിനാവശ്യമായ ബോട്ടിലുകൾ ലഭ്യമാക്കൽ എന്നതാണ് പദ്ധതി ലക്ഷ്യം വെച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും (Non Availability Certificate" )മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട മരുന്നുകൾ ലഭ്യമല്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. അതനുസരിച്ച് ഹോമിയോ മരുന്നുകൾ സപ്ലൈചെയ്യുന്ന ഹോംകോ എന്ന സ്ഥാപനം നൽകിയ 500000 രൂപയുടെ പ്രോഫോർമ ഇൻവോയ്സ് (നം PF-505 തീയതി 29.9.2023) പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി , സെക്രട്ടറി ഹോംകോ ആലപ്പുഴ എന്ന സ്ഥാപനത്തിന് മുൻകൂറായി തുക നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ ആകെ 250595 രൂപയുടെ മരുന്നുകൾ ( ഇൻവോയ്സ് നം. എൽഎഫ് - 2990 തീയതി 19.02.2024)മാത്രമാണ് ലഭിച്ചിട്ടുള്ളത്. 249405 രൂപയുടെ മരുന്നുകൾ (50% തുകയ്ക്ക് തുല്യമായത്) ഇനിയും ലഭിക്കാനുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിന് മുൻകൂർ തുക നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ആദ്യഘട്ടം മരുന്നുകൾ ലഭിച്ചത് 3 മാസത്തിലധികം കാലതാമസമെടുത്താണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹോംക്കോവിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം9/തീയതി 7.06.24) ക്ക്

മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ തുക ₹249405/- രൂപ താൽകാലികമായി ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ലഭിക്കാനുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്,

**1-32 സോളാർ പാനൽ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല.**

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 വർഷം ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിൽ ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ- 138/24

പ്രോജക്ട്-സോളാർ പാനൽ സ്ഥാപിക്കൽ

ഫണ്ട്-തനത് ഫണ്ട്

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-12,00,000/-

ചെലവ്- ചെക്ക് നം 398580 തീയതി 7.01.2024 തുക.1179948

നിർമ്മാണം നടന്നുവരുന്ന ഗ്രാമ പഞ്ചായത്ത് ഓഫീസിന്റെ പുതിയ കെട്ടിടത്തിന് മുകളിൽ ഊർജ്ജ സംരക്ഷണത്തിന് വേണ്ടി സോളാർ പാനൽ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായ അനർട് - ന്റെ എസ്റ്റിമേറ്റ് പ്രകാരം സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ചെലവിനത്തിലെ തുക അനർട്ടിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർത്തികരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരണം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുമില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം.4/7.01.24) ക്ക് " പൂർത്തികരണസാക്ഷ്യപത്രം ഹാജരാക്കുന്നതാണ് " എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ട് ചെലവ് തുക ₹1179948/- തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. ഓൺ ഗ്രിഡ് സോളാർ സ്ഥാപനം വഴി ഉണ്ടാകുന്ന എനർജി കൈമാറ്റം സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി കരാറിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-33 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം - നിയതമായി രീതിയിൽ ലഭ്യമാക്കി ഹാജരാക്കിയിട്ടില്ല.**

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 വർഷം എസ്.എസ്.എ വിഹിതം നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് മുഖേന തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ-5/24

പ്രോജക്ട്-എസ്.എസ്.എ.വിഹിതം നൽകൽ(പട്ടിക വർഗ്ഗം)

ഫണ്ട്-വികസനഫണ്ട് -ടി.എസ്.പി

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ-2,00,000

ചെലവ്-2,00,000

ബിൽ റഫറൻസ് നമ്പർ-2318055201480089068/21.11.2023

എസ്.എസ്.കെ വയനാട് ജില്ലാ പ്രോജക്ട് കോർഡിനേറ്ററുടെ 21.06.23 ലെ A/269/2023 /SSK നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ 40 % തുക അടക്കുവാൻ ആവശ്യപ്പെട്ടതിനാൽ വികസനഫണ്ട് (ടി.എസ്.പി) ൽ തുക വകയിരുത്തി 2,00,000 രൂപ പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്.സുൽത്താൻ ബത്തേരി ബ്ലോക്ക് ബി.ആർ.സി.കോർഡിനേറ്ററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിച്ചിട്ടുള്ളത്, (കാനറാബാങ്ക്-0834101039768). പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ,സ.ഉ.(കൈ)84/22 ത.സ്വ.ഭ.വ.19.04.22 പ്രകാരം "സമഗ്ര ശിക്ഷ കേരളം പദ്ധതിയുടെ കർമ്മപദ്ധതി തയ്യാറാക്കുന്നത് തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം വിശദാംശങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. വാർഷിക വർക്ക് പ്ലാൻ& ബഡ്ജറ്റ് അനുസരിച്ചാണ് എസ്.എസ്.എ.ഫണ്ട് ആവശ്യപ്പെടുന്നത്. ഈ വർക്ക് പ്ലാൻ അനുസരിച്ചാവണം പ്രവർത്തനം നടത്തുവാൻ.തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.കെ.ക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ /പരിപാടികൾ എന്താണ് എന്ന വിവരങ്ങൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ.വിഹിതവും തദ്ദേശസ്ഥാപനവിഹിതവും ചേർത്ത്

നടപ്പാക്കുന്ന പദ്ധതികളിൽ തദ്ദേശഭരണ ഭാരവാഹികളുടെ ഇടപെടൽ ഉറപ്പാക്കണം" എന്നാൽ മേൽ പ്രസ്താവിച്ച വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല.SSK പഞ്ചായത്തിന് നൽകിയ ലിസ്റ്റ്പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് പരിധിയിലെ ഏതൊക്കെ സ്കൂളിലാണ് എന്ന് പഞ്ചായത്തിനെ അറിയിച്ചതായോ തദ്ദേശഭരണ ഭാരവാഹികളുടെ അറിവോടെയാണോ പ്രവർത്തനങ്ങൾ നടപ്പാക്കിയത് എന്നും വ്യക്തമല്ല. 25.05.24 ലെ എ/269/2024 /എസ്.എസ്.കെ കത്ത് മുഖേന , എസ്.എസ്.കെ വയനാട് ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ, പുൽപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച 200000 രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് മാത്രമാണ് പ്രസ്തുത സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തുക ഏതൊക്കെ ഇനങ്ങൾ ഏതൊക്കെ സ്ഥാപനങ്ങളിൽ ചെലവഴിച്ചു എന്നത് വ്യക്തമാക്കിയിട്ടില്ല. ഇത് ക്രമപ്രകാരമല്ല.മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം5/5/6/24) ക്ക് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം എസ്.എസ് എ യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത രേഖകൾ ഹാജരാക്കുന്നത് വരെ ₹200000 /- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ആർച്ചറി അക്കാദമിക്ക് കൈമാറിയതിൽ അധികമുള്ള ഭൂമി കരാർ വ്യവസ്ഥ പ്രകാരം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2008-09 പദ്ധതികാലയളവിൽ കായിക മന്ത്രാലയത്തിന്റെ പ്രൊപ്പോസൽ പ്രകാരം പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ആർച്ചറി അക്കാദമി തുടങ്ങുന്നതിന് തീരുമാനിച്ചിരുന്നു.ഇതിന്റെ ആവശ്യാർത്ഥം 8 ഏക്കർ ഭൂമി 11-03-2009ലെ സ.ഉ (സാധാ) 622/2009 *തസ്വഭവ നമ്പർ* ഉത്തരവ് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർക്ക് ഗ്രാമപഞ്ചായത്ത് കൈമാറിയിരുന്നു. ടി പദ്ധതി പ്രകാരം കൈമാറി കിട്ടിയ ഭൂമിയിൽ അത്യാധുനീക സൗകര്യമുള്ളതും അന്തർദേശീയ നിലവാരമുള്ളതുമായ പരിശീലന കേന്ദ്രം സ്ഥാപിക്കുമെന്ന് ഉറപ്പ് കൊടുത്തിരുന്നു. ഭൂമി കൈമാറുന്നതിന്റെ ഭാഗമായി 04-01-2010 തീയതിയിൽ ഗ്രാമപഞ്ചായത്തും യുവജനകാര്യ ഡയറക്ടറും തമ്മിൽ ഒപ്പ് വെച്ച കരാർ ഉടമ്പടി പ്രകാരം ഇങ്ങനെ കൈമാറികിട്ടിയ ഭൂമിയിൽ 3 വർഷത്തിനകം ആർച്ചറി അക്കാദമി സ്ഥാപിക്കുമെന്നും, അല്ലാത്ത പക്ഷം ഭൂമി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും എന്നും പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ 2009 ൽ ലഭിച്ച ഈ ഭൂമിയിൽ നാളിതുവരെയായും ആർച്ചറി അക്കാദമി തുടങ്ങുന്നത് സംബന്ധിച്ച് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. സ്ഥലം ചുറ്റമതിൽ കെട്ടി സംരക്ഷിച്ചത് മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച പ്രവർത്തനങ്ങൾ. ആധുനീക മാലിന്യ സംസ്കരണ കേന്ദ്രം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധികാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ പ്രകാരം യുവജനക്ഷേമ ബോർഡിന് കൈമാറിയ 8 ഏക്കർ ഭൂമി ഗ്രാമപഞ്ചായത്ത് തിരികെ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഭൂമി കൈമാറാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ സാധിക്കില്ലെന്നുള്ള മറുപടിയാണ് യുവജനക്ഷേമ ബോർഡ് ഡയറക്ടർ നൽകിയത് എന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17-01-2024ലെ യോഗത്തിലെ (അജണ്ട-2) തീരുമാനം നമ്പർ-1 ൽ വ്യക്തമാക്കിയിരിക്കുന്നു. യുവജനക്ഷേമ ബോർഡിന് കൈമാറിയ ഭൂമിയിൽ നാമമാത്രമായ പ്രവൃത്തി മാത്രമാണ് കഴിഞ്ഞ 14 വർഷമായി നടത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.ആർച്ചറി അക്കാദമി തുടങ്ങുന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങളൊന്നും യുവജനക്ഷേമ ബോർഡ് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുമില്ല. ഗ്രാമപഞ്ചായത്തുമായുള്ള കരാർ ലംഘിച്ച് യുവജനക്ഷേമ വകുപ്പ് കൈവശം വച്ചിരിക്കുന്ന 8 ഏക്കർ ഭൂമിയിൽ 5 ഏക്കർ ഭൂമിഎങ്കിലും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ള Faceal Sludge Treatment Plant നല്ലനിലയിൽ നിർമ്മിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യുവജനക്ഷേമ ബോർഡിന്റെ കൈവശത്തിലുള്ള പ്രസ്തുത ഭൂമിയിൽ ഒരു ഭാഗവും ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കാൻ സന്നദ്ധമെല്ലന്നാണ് രേഖപ്പെടുത്തി കാണുന്നത്. ഈ സാഹചര്യത്തിൽ ആർച്ചറി അക്കാദമിക്ക് അവശ്യം വേണ്ടിവരുന്ന ഭൂമി നിലനിർത്തികൊണ്ട് അധികമുള്ള ഭൂമിയിൽ 5 ഏക്കർ ഗ്രാമപഞ്ചായത്തിന് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുവാനുള്ള അപേക്ഷ സർക്കാർ തലത്തിൽ സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം ഗ്രാമപഞ്ചായത്തിനുള്ള അവകാശം സബന്ധിച്ച് ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത മാലിന്യ സംസ്കരണ പ്ലാന്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് തുടർ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം നാടിന്റെ കായിക മുന്നേറ്റത്തിനും , പ്രദേശത്തിന്റെസാമ്പത്തിക പുരോഗതിക്കും ഏറെ സഹായിക്കുന്ന ആർച്ചറി അക്കാദമി നിർദ്ദിഷ്ട ഭൂമിയിൽ ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണസ്ഥാപനം എന്ന നിലയിൽ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം - ചെയ്യാത്ത ഇനത്തിന് തുക നൽകി - ₹ 12,335.00 രൂപ നഷ്ടം.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0159/24 | പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയം വൈദ്യുതീകരണം | 1,90,000.00 (വികസന ഫണ്ട് ടി.എസ്.പി) | 1,89,471.00 ( BRN No. 23180552015400544078/13.09.23) |
| നിർവഹണോദ്യോഗസ്ഥൻ | | അസി. എഞ്ചിനീയർ | |
| കരാറുകാരൻ | | മഹേഷ് കെ.ആർ. | |
| കരാർ നമ്പർ | | AE/LSGD/PLPY/64/2022-23 Dt 30/03/2023 | |

ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 13/06/24-ന് നടത്തിയ സ്ഥല പരിശോധനയിൽ, പാക്കം ട്രൈബൽ നഴ്സറി ചെറിയാമല കോളനി സാംസ്കാരിക നിലയത്തിൽ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ചെയ്തെന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയ പ്രവൃത്തികളിൽ ഉള്ള 7എണ്ണം ഫാൻ, 7എണ്ണംഫാൻ റെഗുലേറ്റർ എന്നിവ പ്രാദേശിക പരിശോധനയിൽ കണ്ടില്ല. 3എണ്ണം ഫാനും 3ഫാൻ റെഗുലേറ്ററും ആണ് പ്രാദേശിക പരിശോധനയിൽ സ്ഥാപിച്ചതായി കണ്ടിരിക്കുന്നത്. ബാക്കി 4 ഫാനും 4ഫാൻ റെഗുലേറ്ററുകളുടെയും തുക അധികം നൽകിയിരിക്കുകയാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഫൈനൽ ബില്ലിലെ ക്രമ നം. | ഇനം | എണ്ണം | നിരക്ക്(₹) | ഫൈനൽ ബിൽ പ്രകാരം നൽകിയ തുക(₹) | പ്രാദേശിക പരിശോധനയിൽ സ്ഥാപിക്കാത്ത ഉപകരണങ്ങളുടെ എണ്ണം | അധികം നൽകിയ തുക(₹) ( GST ഉൾപ്പെടെ ) |
|---|---|---|---|---|---|---|
| 10 | സീലിംഗ് ഫാൻ | 7 | 2204.42 (2601.28 GST ഉൾപ്പെടെ) | 18209 | 4 | 10405 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഫാൻ റെഗുലേറ്റർ | 7 | 408.97 (482.57 GST ഉൾപ്പെടെ) | 3378 | 4 | 1930 |
| **ആകെ** | | | | | | **12,335** |

മേൽ പട്ടികയിൽ പറയുന്ന 3 ഫാനും റെഗുലേറ്ററും മാത്രമേ സാംസ്കാരിക നിലയത്തിൽ സ്ഥാപിച്ചിട്ടുള്ളൂ എന്നത് അസി.എഞ്ചിനീയർ ബോധ്യപ്പെട്ട് രേഖാമൂലം സാക്ഷ്യപ്പെടുത്തി തന്നിട്ടുള്ളതാണ്. മേൽ പ്രകാരം, 9251/- രൂപ മാത്രമാണ് കരാറുകാരന് 4ഫാൻ, 4ഫാൻ റെഗുലേറ്റർ എന്നിവ സ്ഥാപിക്കാതെ തന്നെ തുക നൽകിയത് വഴി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 28/23-24/13.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെയ്യാത്ത പ്രവൃത്തിക്ക്, അധികം നൽകിയ തുക 12,335.00 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടവാക്കേണ്ടതാണ്.

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചു - ₹ 50,000.00 രൂപ നഷ്ടം.

പുൽപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാരായ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനമായി സ്കോളർഷിപ്പ് നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0134/24 |
| **പ്രൊജക്റ്റിന്റെ പേര്** | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| **അടങ്കൽ** | ₹ 5,00,000.00<br>(വികസന ഫണ്ട് എസ്.സി.പി) |
| **ചെലവ് (₹)** | ₹ 1,60,000.00 |
| | 25000/-(BRN No. 23180552015001542496/25.03.2024) |
| | 75000/-(BRN No. 2318055201500146508/22.03.2024) |
| | 60000/-(BRN No. 23180552015001469499/23.03.2024) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | അസി. സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം, ശ്രീമതി. നീരജ വിജയൻ, പറക്കാട്ട് വീട്, പാലക്കൊല്ലി എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 50,000.00 രൂപ സ്കോളർഷിപ്പ് തുകയായി നൽകിയിട്ടുണ്ട്(BRN No. 2318055201500146508/22.03.2024). മേൽ ഗുണഭോക്താവിന്റെ; B.T.L School Of Nursing, Bangalore എന്ന സ്ഥാപനത്തിന്റെ, 27/09/2023 തീയതിയിലെ (കത്ത് നം. നൽകിയിട്ടില്ല) Provisional Admission Letter -ന്റെ അടിസ്ഥാനത്തിൽ ആണ് തുക നൽകിയിരിക്കുന്നത്. പ്രസ്തുത കത്തിൽ പറയുന്നത്, 2023-2024 കാലയളവിൽ Provisional ആയി GNM Nursing Course – ന് അഡ്മിറ്റ് ചെയ്തിട്ടുണ്ട് എന്നാണ്. പ്രൊവിഷണൽ അഡ്മിഷൻ , എല്ലാ

ഒറിജിനൽ രേഖകളും ആദ്യ വർഷ ഫീസും ഡ്യൂ ഡേറ്റിനുള്ളിൻ അടവാക്കിയാൽ മാത്രമേ Confirm ആകുകയുള്ളൂ എന്നും കത്തിൽ വ്യക്തമാക്കുന്നുണ്ട്. സബ്സിഡി മാർഗ്ഗരേഖ[.സ.ഉ(കൈ)നം.115/2022/തസ്വഭവ തീ.2/05/2022] ഖണ്ഡിക 7.2.4 പ്രകാരം കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് നൽകേണ്ടത്. അതിനാൽ, ശ്രീമതി. നീരജ വിജയൻ, പറക്കാട്ട് വീട്, പാലക്കൊല്ലി എന്ന ഗുണഭോക്താവിന്റെ ഒറിജിനൽ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 17/23-24/12.06.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി. നീരജ വിജയന്, കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ നല്കിയ സ്കോളർഷിപ്പ് ₹ 50,000.00 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ അടവാക്കേണ്ടതാണ്.

## 3-3 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ പദ്ധതി-അധിക തുക നൽകി

പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് (ഭിന്നശേഷി വിദ്യാർത്ഥികൾക്ക്) സ്കോളർഷിപ്പും വിനോദയാത്രയും നടത്തുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| **പ്രോജക്ട് നം/ പേര്** | 60/2023-24-പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിനോദയാത്രയും |
| **അടങ്കൽ** | 2350000 രൂപ (വികസന ഫണ്ട് ജനറൽ-1400000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-700000, ജില്ലാ പഞ്ചായത്ത് വിഹിതം-250000 ) |
| **നിർവ്വഹണം** | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ചെലവ്** | 2190220 (വികസന ഫണ്ട് ജനറൽ-1393000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-549220, ജില്ലാ പഞ്ചായത്ത് വിഹിതം-248000 ) |
| **ബില്ലുകളുടെ വിശദാംശങ്ങൾ** | |
| 1) 79600 (ബില്ല് നം-4/2023-24 തീയതി 25/09/2023)<br>2) 790500 ( ബില്ല് നം-10/ 2023-24 തീയതി 25/09/2023)<br>3) 248000 ( ബില്ല് നം-12/ 2023-24 തീയതി 26/09/2023)<br>4) 7000 ( ബില്ല് നം-19/ 2023-24 തീയതി 12/12/2023)<br>5) 37800 ( ബില്ല് നം-20/ 2023-24 തീയതി 16/12/2023)<br>6) 423500 ( ബില്ല് നം-21/ 2023-24 തീയതി 16/12/2023)<br>7) 134000 (ബില്ല് നം-25/ 2023-24 തീയതി 10/01/2024)<br>8) 268000 (ബില്ല് നം-28/ 2023-24 തീയതി 15/02/2024)<br>9) 90000 (ബില്ല് നം-29/ 2023-24 തീയതി 20/02/2024)<br>10) 46500 (ബില്ല് നം-30/ 2023-24 തീയതി 02/03/2024)<br>11) 10720 (ബില്ല് നം-38/ 2023-24 തീയതി 27/03/2024)<br>12) 26600 (ബില്ല് നം-47/ 2023-24 തീയതി 27/03/2024)<br>13) 28000 (ബില്ല് നം-49/ 2023-24 തീയതി 27/03/2024)<br>**ആകെ-2190220/-** | |

28.05.2022 ാം തീയതിയിലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.6 പ്രകാരം മാനസിക,ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമാണ് ധനസഹായം അനുവദിക്കേണ്ടത്.

**ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

| സി.നം | സ്റ്റാൻഡേർഡ്/ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റൽ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വോക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക് + യാത്ര ബത്ത (സ്കൂളുകളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 (പ്രതിമാസം) | | |
| 8 | ചലന വൈകല്യങ്ങളുള്ളവർക്ക് സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രബത്ത (സ്കൂളുകളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | | | യഥാർത്ഥ ചെലവ് സ്ഥാപനത്തിന് നൽകണം |

**മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം**

| ക്രമ.നം | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക് വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത (വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്ര ബത്ത (പ്രതിമാസം) | 1000 |

| | | |
|---|---|---|
| 5 | ഉല്ലാസയാത്ര ചെലവുകൾ പഠനപര്യാടനം മുതലായവയ്ക്ക്-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

മേൽ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 28500 രൂപ വരേയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പഠിക്കുന്ന ക്ലാസ്സുകൾക്കനുസരിച്ച് വിവിധ നിരക്കുകളിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്.പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് അർഹമായതിലും കൂടുതൽ തുക ധനസഹായമായി നൽകിയിട്ടുണ്ട്. വിശദവിവരം താഴെ നൽകുന്നു.

| സി.നം | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ് | വൈകല്യത്തിന്റെ വിവരങ്ങൾ | അനുവദിക്കേണ്ടിയിരുന്ന തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | നവനീത് വിഷ്ണു | ഡിഗ്രി (ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നു.) | കാഴ്ച വൈകല്യം | സ്കോളർഷിപ്പ് (1250*12=15000)+ വാർഷിക ബത്ത(1000)=16000 | 32000 | 16000 |
| ആകെ | | | | 16000 | 32000 | 16000 |

മേൽ വിദ്യാർത്ഥിക്ക് 16000 രൂപ ബില്ലുകൾ പ്രകാരം അധികമായി വിതരണം ചെയ്തിട്ടുണ്ട്.ഇപ്രകാരം അധിക തുക വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 23/2023-24 / 13/06/2024 ന് മറുപടിയായി നവനീത് വിഷ്ണു എന്ന വിദ്യാർത്ഥിക്ക് 23/09/2023 തീയതിയിൽ 7000 രൂപയും, 08/12/2023 തീയതിയിൽ 7000 രൂപയും 15/12/2023 തീയതിയിൽ 3000 രൂപയും 27/02/2024 തീയതിയിൽ 15000 രൂപയും കൂടി ആകെ 32000 രൂപ ബില്ലുകൾ പ്രകാരം നൽകിയിരുന്നെങ്കിലും മേൽ വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ 23/09/2023 തീയതിയിൽ നൽകിയ 7000 രൂപ ക്രഡിറ്റായിട്ടില്ലെന്നും മേൽ തുക ഗവൺമെന്റ് അക്കൗണ്ടിലേക്ക് തിരികെ ക്രഡിറ്റായതായി ട്രഷറിയിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ആകെ 25000 രൂപ മാത്രമാണ് വിദ്യാർത്ഥിയുടെ അക്കൗണ്ടിൽ ക്രഡിറ്റായിട്ടുള്ളുവെന്നും 9000 രൂപയാണ് അധികം നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. മേൽ വിദ്യാർത്ഥിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഹാജരാക്കിയിട്ടുണ്ട്. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിക്ക് ഡേ സ്കോളർക്കുള്ള തുക കൂടി തെറ്റായി നൽകിയതിനാലാണ് ഇപ്രകാരം അധികം തുക നൽകിയതെന്നും, മേൽ തുക 2024-25 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് തുകയിൽ നിന്ന് കുറവ് ചെയ്ത് നൽകിയാൽ മതിയെന്ന് വിദ്യാർത്ഥി കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. മേൽ തുക ഈടാക്കി അറിയിക്കുകയോ വരും വർഷത്തെ സ്കോളർഷിപ്പിൽ നിന്ന് കുറവ് ചെയ്ത് അറിയിക്കുകയോ ചെയ്യേണ്ടതാണ്. 9000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 12-06-2024 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നമ്പർ |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 920000 | ലൈഫ് ഭവന പദ്ധതി 2020 പട്ടികവർഗം | 920000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1500000 | ലൈഫ് ഭവന പദ്ധതി 2020 പട്ടികവർഗം | 1500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 400000 | സ്ഥിരം നെൽകൃഷി പ്രോത്സാഹന പദ്ധതി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 400000 | സ്ഥിരം നെൽകൃഷി പ്രോത്സാഹന പദ്ധതി(എസ്.ടി) | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | 248000 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിനോദയാത്രയും | 248000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 549220 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും വിനോദയാത്രയും | 549220 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 500000 | അതിദരിദ്രർക്ക് ഭക്ഷണം നൽകൽ | 500000 | 0 |
| മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 2023-24 | 1000000 | വെറ്റ് ഓൺ വീൽസ് – സഞ്ചരിക്കുന്ന മൃഗാശുപത്രി | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 287100 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി(പട്ടികവർഗം) | 287100 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 496880 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി(ജനറൽ) | 496880 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 725900 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി(ജനറൽ) | 725900 | 0 |
| | | | ആകെ | 7027100 | |

വാർഷിക കണക്ക് പ്രകാരം (Balance Sheet B-4) Joint Venture,Outstanding Balance ഉണ്ട്

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. (അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പ്രോജക്ട് പ്രകാരം വിവിധ ഏജൻസികൾക്ക് നൽകിയ തുകയാണ് ചേർത്തിട്ടുള്ളത് ആയത് വാർഷിക ധനകാര്യ പത്രിക B18, RP 49 എന്നിവ പ്രകാരം യോജിക്കുന്നില്ല)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| എൻ.ഐ.ടി കാലിക്കറ്റ് | ആധുനിക ശ്മശാനം | | 150000 | 150000 | 0 |
| ഭൂജല വകുപ്പ്, വയനാട് | കേളക്കവല കുഴൽക്കിണർ നിർമ്മാണം, ഭൂജല വകുപ്പിന് തുക കൈമാറൽ | | 126363 | 126363 | 0 |
| അനർട്ട്, വയനാട് | സോളാർ പാനൽ സ്ഥാപിക്കൽ | | 1179948 | 1179948 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | തുക |
|---|---|---|---|---|---|---|
| തണൽ ഭവന വായ്പ | 2.2, 3.24,07/03/2013 | 2,55,50,000/- | 10337388/- | 3990000/- | 921789/- | 6347388/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18990184 |
| തൻവർഷം നിക്ഷേപിച്ച തുക | 1136358 |
| ആകെ | 20126542 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 8657369 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11469173 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 27.11.2023 | 181 ദിവസം | 2676571 | |
| 2 | പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 27.11.2023 | 181 ദിവസം | 2676571 | |
| 3 | പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് | 27.11.2023 | 181 ദിവസം | 6116031 | |
| **ആകെ** | | | | **11469173** | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2021-22 | 1-29, 3-1 | 9600 | ശ്രീ. ജോയ്.പി.ജെ, ഹെഡ്മാസ്റ്റർ | 1230201178, 22/07/2023 |
| 2021-22 | 3-2 | 22840(18273+4567) | ശ്രീ.ആതിര നാരായണൻ അസി.എഞ്ചിനിയർ | 1230101533, 27/10/2023, 1230101803, 16/11/2023 |
| 2021-22 | 1-28 | 3857 | ശ്രീ.ആതിര നാരായണൻ, അസി.എഞ്ചിനിയർ | 1230200871, 20/06/2023 |
| | ആകെ | 36,297 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 98-99 | 35A | 1999-2000 | 66A | പാക്കം ജി.എൽ.പി സ്കൂൾ ശുദ്ധജലവിതരണപദ്ധതി-സാധനങ്ങൾക്ക് അധികനിരക്ക് നൽകി | തുക അടവാക്കി-സമിതിയുടെ പരിഗണനയിൽ |
| 2 | 97-98 | 35D | 1999-2000 | 82 | ജനകീയാസൂത്രണം 97-98<br>ഭവനനിർമ്മാണം ജനറൽ പദ്ധതിയിൽ അധികം പണം നൽകി | സമിതിയുടെ പരിഗണനയിൽ |
| 3 | 1999-2000 | 40 | 2001-02 | 12(3)(i) | താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീടാറിംഗ് -ടാറിംഗിന് അധികനിരക്ക് നൽകിയത് | സമിതിയുടെ പരിഗണനയിൽ |
| 4 | 1999-2000 | 46 | 2001-02 | 12(3)(ii) | കന്നാരംപുഴ ഇറിഗേഷൻകനാൽ റിപ്പയർ-അനധികൃതമായി കൂലി നൽകിയത് സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |
| 5 | 1999-2000 | 42 | 2001-02 | 12(8) | 1:2:4 കോൺക്രീറ്റിംഗിന് 2553 രൂപ നിരക്ക് നൽകേണ്ടതിന് പകരം 3450രൂപ നിരക്കിൽ നൽകി | സമിതിയുടെ പരിഗണനയിൽ |
| 6 | 2012-13 | - | 2012-13 | 2.6 | ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാലാ പ്രവർത്തനം | സമിതിയുടെ പരിഗണനയിൽ |
| 7 | 2014-15 | - | 2014-15 | 5.7 | കർമ്മസമിതികൾ യഥാവിധി യോഗം ചേരുന്നില്ല | സമിതിയുടെ പരിഗണനയിൽ |
| 8 | 2014-15 | - | 2014-15 | 5.7 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -പദ്ധതികൾക്ക് തുക ചെലവഴിച്ചില്ല. | സമിതിയുടെ പരിഗണനയിൽ |
| 9 | 2014-15 | - | 2014-15 | 5.7 | പദ്ധതിനടത്തിപ്പിന് സമിതികൾ രൂപീകരിച്ചില്ല | സമിതിയുടെ പരിഗണനയിൽ |
| 10 | 2014-15 | - | 2014-15 | 5.7 | കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല. | സമിതിയുടെ പരിഗണനയിൽ |
| 11 | 2014-15 | - | 2014-15 | 5.7 | അനധികൃതമാംസവിൽപ്പന വ്യാപകം | സമിതിയുടെ പരിഗണനയിൽ |
| 12 | 2014-15 | - | 2014-15 | 5.7 | മാംസം അരോചകമാം വിധം പ്രദർശിപ്പിച്ച് വിൽക്കുന്നു | സമിതിയുടെ പരിഗണനയിൽ |
| 13 | 2014-15 | - | 2014-15 | 5.7 | മൃഗാശുപത്രികളുടെയും ICDPസബ് സെന്ററുകളുടെയും അടിസ്ഥാനസൌകര്യങ്ങൾ | സമിതിയുടെ പരിഗണനയിൽ |
| 14 | 2014-15 | 2-3 | 2016-17 | 1 | വസ്തുനികുതി 2014-15 | സമിതിയുടെ പരിഗണനയിൽ |
| 15 | 2015-16 | 2-5 | 2016-17 | 2.2 | തൊഴിൽനികുതി-അപാകങ്ങൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടിയിലൂടെ തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,67,02,333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,25,55,768 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71,335 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,72,859 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12,335 | ശ്രീമതി രമ്യ അരവിന്ദ് , അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 50,000 | ശ്രീ മനീഷ് ദേവ് ഡി , അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 9,000 | ശ്രീമതി സിന്ധു.കെ.പി ICDS സൂപ്രവൈസർ |
| ആകെ | | 71,335 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 5,95,308 | ശ്രീ സലോഷ് കെ എൽദോ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-24 | 7,99,875 | ശ്രീ മനീഷ് ദേവ് ഡി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-25 | 1,84,771 | ശ്രീ മനീഷ് ദേവ് ഡി , അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 3,37,190 | ഡോ.അഖില , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-29 | 1,26,363 | ശ്രീ.സുജീന്ദ്രൻ.പി.വി, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-30 | 4,99,999 | ശ്രീ സലോഷ് കെ എൽദോ, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-31 | 2,49,405 | ശ്രീ.തോമസ്.വി.ഡി, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-32 | 11,79,948 | ശ്രീ.സുജീന്ദ്രൻ.പി.വി, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-33 | 2,00,000 | ശ്രീ.തോമസ്.വി.ഡി, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | 41,72,859 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| സിന്ധു.കെ.പി ICDS സൂപ്രവൈസർ | ICDS സൂപ്രവൈസർ | കള്ളിക്കൽ,മണൽവയൽ. പി.ഒ |
| ശ്രീമതി രമ്യ അരവിന്ദ് | അസിസ്റ്റന്റ് എഞ്ചിനിയർ | അയനാട്ട്, പുൽപ്പള്ളി പി.ഒ, വയനാട്. |
| ശ്രീ സലോഷ് കെ എൽദോ | അസിസ്റ്റന്റ് എഞ്ചിനിയർ | കണ്ടോതറക്കൽ, പുത്തൻകുന്ന് പി.ഒ, വയനാട്. |
| ശ്രീ മനീഷ് ദേവ് ഡി | അസിസ്റ്റന്റ് സെക്രട്ടറി | ദീപ്തി ഹൗസ്, കുമ്പഴ പി.ഒ, പത്തനംതിട്ട. |
| ഡോ.അഖില | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | കാനംഞ്ചേരി, കണിയാമ്പറ്റ പി.ഒ, വയനാട്. |
| ശ്രീ.തോമസ്.വി.ഡി, | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | കൊട്ടാരം ,കുപ്പാടി. പി.ഒ. ബത്തേരി |
| ശ്രീ.സുജീന്ദ്രൻ.പി.വി | സെക്രട്ടറി ഗ്രാമപഞ്ചായത്ത് | ശിവദം, കൊട്ടപ്പിള്ളി, പി.ഒ. വടകര. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92, 92-93 | എൽ.എഫ്.(ഡബ്ല്യു) പി1-33/01 തീയതി 1.3.2001 | 17 |
| 1996-97 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(2) 30/09/2022 | 2 |
| 1997-98 | എൽ.എഫ്.(ഡബ്ല്യു) പി2-318/99തീയതി18.06.19 | 2 |
| 1998-99 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി3-794/2020(3) Dt.30.09.2022 | 9 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു) പി4-75/08 തീയതി 06.02.2008 | 20 |
| 2001-02, (plan) | എൽ.എഫ്.(ഡബ്ല്യു) പി 4-62/04 തീയതി 10.5.2005 | 14 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു) പി4-12/2006 തീയതി 7.3.2007 | 9 |
| 2002-03 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(6) തീയതി 30/09/2022 | 2 |
| 2003-04 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(7) തീയതി 30/09/2022 | 6 |
| 2004-05 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(8) തീയതി 30/09/2022 | 1 |
| 2006-07 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(10) തീയതി 30/09/2022 | 5 |
| 2007-08 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(11) തീയതി 30/09/2022 | 7 |
| 2008-09 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(12) തീയതി 30/09/2022 | 10 |
| 2009-10 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-794/2020(13) തീയതി 30/09/2022 | 7 |
| 2010-11 | എൽ.എഫ്.(ഡബ്ല്യു) പി4-723/13 തീയതി.24/10/2013 | 21 |
| 2011-12 2012-13 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി. പി3-379/2013 തീയതി 09.11.2022 | 39 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3—185/16 തീയതി 12.07.2021 | 23 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-387/16 തീയതി 18.12.2020 | 18 |
| 2015-16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-740/16 തീയതി 16.12.2020 | 14 |
| 2016-17 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3/ 610/17 തീയതി 05.02.2021 | 15 |
| 2017-18 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-118/19 തീയതി 22.06.2020 | 7 |
| 2018-19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-844/22 തീയതി 28.12.2022 | 10 |
| 2019-20 | കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി3-732/22 തീയതി 07.03.2022 | 17 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.ഡബ്യ.വൈ.ഡി-പി3-785/2021 തീയതി 07.03.2022 | 32 |
| 2021-22 | കെ.എസ്.എ.ഡബ്യ.വൈ.ഡി-പി3-1062/2022 തീയതി 10.02.2023 | 20 |
| 2022-23 | കെ.എസ്.എ.ഡബ്യ.വൈ.ഡി-പി3-809/2023 തീയതി 01.04.2024 | 07 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 31-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Pulpally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pulpally Grama Panchayat as on 31-03-2024

Date: **11/09/2024**

Deputy Director
District Office Wayanad
Kerala State Audit Department

# Audit Report appended to the Audit Certificate of Pulpally Grama Panchayat for the Year 2023-2024 .

**1.Major Observations**

Non-Disclosure of Assets. All assets created during the year were not accounted as asset in the balance sheet. For example :- asset created using MNREGS fund

**2.Other Observations**

1. The following mandatory financial statements prescribed in accounting rule are not submitted for audit
a) Ratios

b) Notes on Account

2. Cash flow statement Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non-tax revenue.

4.Separate bank account is not maintained for the specified grants.

5.Loan register does not match with financial statements.

6. Asset register is not reliable for audit due to defective mainatenance

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

# Abstract of Annual Financial Statements

**Pulpally Grama Panchayat**
**BALANCE SHEET**

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 39098521.25 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3797.00 |
| 312000000 | Reserves | B-3 | 188148298.00 |
| | **Total Reserve & Surplus** | | **227250616.25** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21866436.00 |
| | **Total Grants, Contributions for Specific Purposes** | | **21866436.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 18792684.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **18792684.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1016750.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3423690.75 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4440440.75** |
| | **TOTAL LIABILITIES** | | **272350177.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 16033500.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences(Productive Sector) | B11-(c) | 924793.00 |
| 414000000 | Annual Plan - Capital Expences(Service Sector) | B11-(d) | 8981806.00 |
| 415000000 | Annual Plan - Capital Expences(Infrastructure Sector) | B11-(e) | 250776018.00 |
| 416000000 | Accumulated Depreciation | B-11(a) | -67291332.00 |
| | **Total Fixed Assets** | | **209424785.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 11470173.00 |

Page No : 1

Digitally signed by [illegible] Reason: Approved Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **11470173.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 2332107.00 |
| 431000000 | Sundry Debtors (Receivables) | B-15 | 3325784.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18782684.00 |
| 450000000 | Cash and Bank Balance | B-17 | 23951850.00 |
| 460000000 | Loans, Advances and Deposits | B-18 | 3062794.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **51455219.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | TOTAL ASSETS | | **272350177.00** |

# Pulpally Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2023 to 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 12629842.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2580210.00 |
| 140000000 | Fee & User Charges | I-4 | 6016926.00 |
| 150000000 | Sale & Hire Charges | I-5 | 8234.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 278285425.00 |
| 170000000 | Income from Investments | I-7 | 1136358.00 |
| 171000000 | Interest Earned | I-8 | 357250.00 |
| 180000000 | Other Income | I-9 | 160400.00 |
| 190000000 | Prior Period Income | I-19 | -1346697.00 |
| | **Total Income** | | **301174645.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 20623598.00 |
| 220000000 | Administrative Expenses | I-11 | 2532708.00 |
| 230000000 | Operations & Maintenance | I-12 | 1840915.00 |
| 240000000 | Interest & Finance Charges | I-13 | 1914.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 22373756.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 72168088.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 19340787.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 98079828.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 55934200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1515061.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 17896989.00 |
| | **Total Expenditure** | | **312307844.00** |
| | **Gross Surplus / Deficit of income over Expenditure** | | **-11133199.00** |
| | **Gross Surplus / Deficit of income over Expenditure** | | **-4872632.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -7607264.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **6260567.00** |

## Pulpally Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2023 to 31-March-2024

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 29756596.00 |
| Cash | Cash | RP-40(a) | 48689.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2401528.00 |
| 140000000 | Fees & User Charges | RP-4 | 5267871.00 |
| 150000000 | Sale & Hire Charges | RP-5 | 8234.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15605100.00 |
| 171000000 | Interest Earned | RP-9 | 321421.00 |
| 190000000 | Prior Period Income | RP-11 | 10804.00 |
| 311000000 | Earmarked Funds | RP-28 | 114334.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 43476167.00 |
| 420000000 | Investments | RP-43 | 8657369.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 15788846.00 |
| 460000000 | Loans, Advances and Deposits | RP-49 | 41818.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 53797.00 |
| 330000000 | Secured Loans | RP-31 | 2130007.00 |
| 340000000 | Deposits Received | RP-33 | 254062.00 |
| 350000000 | Other Liabilities | RP-35 | 2570975.00 |
| | **Grand total** | | **126507618.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 154694.00 |
| 311000000 | Earmarked Funds | RP-28 | 50.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 875767.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2010455.00 |
| 460000000 | Loans, Advances and Deposits | RP-49 | 3014117.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 716634.00 |
| 350000000 | Other Liabilities | RP-35 | 95784051.00 |

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 23725622.00 |
| Cash | Cash | RP-40(b) | 226228.00 |
| | **Grand Total** | | **126507618.00** |



DEPUTY DIRECTOR
DISTRICT AUDIT OFFICE WAYANAD